പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 62-ാം മത് റിപ്പോർട്ട്

(2019 നവംബർ മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

## 62-ാം മത് റിപ്പോർട്ട്

**കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2014 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

1384/2019.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | | | |
| I. | പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 41 |
| II. | ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 47 |
| III. | എ. ജി.-യുടെ റിപ്പോർട്ടിലെ അനുബന്ധം | .. | 114 |

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ

<u>അംഗങ്ങൾ</u>:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. മാത്യു. ടി. തോമസ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിൻറ് സെക്രട്ടറി

ശ്രീ. ആർ വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., അണ്ടർ സെക്രട്ടറി.

## മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2014 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2019-2021)-യുടെ 62-ാം മത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2014 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2015-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2019 നവംബർ മാസം 12-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു

വി. ഡി . സതീശൻ,

*അദ്ധ്യക്ഷൻ,*

*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2019 നവംബർ 12.

# റിപ്പോർട്ട്

## തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്
## (തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള കാര്യക്ഷമത ഓഡിറ്റ്)

**ആമുഖം**

വിനോദ സഞ്ചാരം, ഫിഷറീസ്, പോർട്ട് എന്നീ വകുപ്പുകളുടെ പൊതുമരാമത്ത് പണികളുടെ നിർവ്വഹണചുമതല തുറമുഖ എഞ്ചിനീയറിംഗ് (എച്ച്.ഇ.ഡി.) വകുപ്പിനാണ്. 1982 ഏപ്രിൽ വരെ ഫിഷറീസിന്റെയും പോർട്ടിന്റെയും മരാമത്തുപണികളുമായി ബന്ധപ്പെട്ട ജോലികൾ പോർട്ട് വകുപ്പിന്റെ തുറമുഖ എഞ്ചിനീയറിംഗ് വിഭാഗമാണ് ചെയ്തു പോന്നിരുന്നത്. കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിനുവേണ്ടി 1982 ഏപ്രിലിൽ ചീഫ് എഞ്ചിനീയറുടെ (സിഇ) കീഴിൽ ഒരു സ്വതന്ത്ര വകുപ്പ് രൂപീകരിക്കപ്പെട്ടു. ഈ വകുപ്പിനെ എച്ച്.ഇ.ഡി. എന്ന് നാമകരണം ചെയ്യുകയും ഫിഷറീസ് ആന്റ് പോർട്ട് വകുപ്പിന്റെ നേരിട്ടുള്ള ഭരണ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരികയും ചെയ്തു. ഫിഷറീസ് ആന്റ് പോർട്ട് വകുപ്പിന്റെ വികസന പദ്ധതികളുടെ സാങ്കേതിക നിർമ്മാണ പ്രവർത്തനങ്ങൾ, മറൈൻ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട നടത്തിപ്പ്, അറ്റകുറ്റ പണികൾ, ആസൂത്രണം, രൂപകല്പന, അന്വേഷണ ഗവേഷണ പഠനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് ചുമതലയുള്ള വൈദഗ്ധ്യമുള്ള വകുപ്പായാണ് പ്രസ്തുത വകുപ്പ് രൂപീകരിക്കപ്പെട്ടത്.

ഇപ്പോൾ, തുറമുഖ, മത്സ്യബന്ധന, വിനോദ സഞ്ചാര വകുപ്പുകളുടെ വിവിധ നിർമ്മാണ, അറ്റകുറ്റപ്പണികൾ നടത്തുന്ന സേവന വകുപ്പായി എച്ച്.ഇ.ഡി. പ്രവർത്തിക്കുന്നു. ഭാരത സർക്കാർ (ജി.ഒ.ഐ.) തീരദേശ എഞ്ചിനീയറിംഗ് മേഖലയിലെ കൺസൾട്ടന്റായി എച്ച്.ഇ.ഡി.-യെ പട്ടിക ചേർത്തിട്ടുണ്ട്.

**സ്ഥാപനത്തിന്റെ ഘടന**

എച്ച്.ഇ.ഡി.-യുടെ തലവനായ സി.ഇ-യെ ഡിവിഷനുകളുടെ ചുമതലയുള്ള എട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സർക്കിളുകളുടെ ചുമതലയുള്ള മൂന്ന് സൂപ്രണ്ടിംഗ് എൻജിനീയർമാരും സഹായിക്കുന്നു. 2014 മാർച്ച് 31-ലെ സ്ഥിതിയനുസരിച്ച് എച്ച്.ഇ.ഡി.-യുടെ അംഗസംഖ്യ ഒരു സി.ഇ, ഒരു ഡെപ്യൂട്ടി സി.ഇ-യും, മൂന്ന് എസ്.ഇ-മാരും, ഒമ്പത് ഇ.ഇ-മാരും ഉൾപ്പെടെ 524 ഉദ്യോഗസ്ഥരാണ്.

**ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും**

21 നവംബർ 2014-ന്, ഓഡിറ്റ് ഉദ്ദേശ്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഫിഷറീസും പോർട്ടിന്റെയും പ്രിൻസിപ്പൽ സെക്രട്ടറിയോടും പോർട്ട് ഡയറക്ടറോടുമൊപ്പം ചേർന്ന് കാര്യക്ഷമതാ ഓഡിറ്റിനെ സംബന്ധിച്ച് ഒരു പ്രാരംഭ കൂടിക്കാഴ്ച നടത്തുകയും അതിൽ

ഓഡിറ്റിന്റെ സമീപന രീതി വിവരിക്കുകയും ചെയ്യു. 2009-10 മുതൽ 2013-14 വരെ സി.ഇ-യുടെ ഓഫീസിനുപുറമേ എട്ട് ഡിവിഷനുകളിലും മൂന്ന് സർക്കിളുകളിലുമായി എച്ച്.ഇ.ഡി. നടപ്പിലാക്കിയ മരാമത്ത് പണികൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധിച്ചു എച്ച്.ഇ.ഡി. നടത്തിയിട്ടുള്ള നിർമ്മാണവും അറ്റകുറ്റപ്പണികളിലും ഉൾപ്പെട്ട ആസൂത്രണം, മരാമത്ത് പണികളുടെ തെരഞ്ഞെടുപ്പ്, മതിപ്പ് തയ്യാറാക്കൽ, പണി അവാർഡ്, അതിലെ പുരോഗതി മുതലായവ ഈ പരിശോധനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എച്ച്.ഇ.ഡി.-യുടെ സാമ്പത്തിക ഇടപാടുകളും, പദ്ധതികൾ/മരാമത്ത് പണികൾ സംബന്ധിക്കുന്ന രേഖകളും ഫയലുകൾക്കും പുറമെ പോർട്ട്, ഫിഷറീസ് വകുപ്പിന്റെയും അതിന്റെ ഡയറക്ടറേറ്റുകളുടെയും എച്ച്.ഇ.ഡി.-യുടെ കീഴിലുള്ള ഫീൽഡ് ഓഫീസുകളിലെ രേഖകളും പരിശോധിക്കുകയും അപഗ്രഥിക്കുകയും ചെയ്യു. പ്രോബബിലിറ്റി പ്രൊപ്പോർഷണേറ്റ് ടു സൈസ്സ് വിത്തൗട്ട് റീപ്ലേസ്മെന്റ് സാമ്പിളിംഗ് രീതി പ്രകാരം 1006 പദ്ധതികൾ/മരാമത്ത് പണികളിൽ നിന്ന് 138 എണ്ണത്തെ സാമ്പിൾ സൈസ്സായി എടുത്താണ് വിശദമായി പരിശോധിച്ചിട്ടുള്ളത്.

2015 മാർച്ച് 11-ന് എച്ച്.ഇ.ഡി.-യുമായി അന്തിമ കൂടിക്കാഴ്ച നടത്തുകയും ഓഡിറ്റ് നിരീക്ഷണങ്ങൾ ചർച്ച ചെയ്യുകയും വകുപ്പധികാരികളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുകയും റിപ്പോർട്ടിൽ ഉചിതമായി ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

**ഓഡിറ്റിന്റെ ഉദ്ദേശ്യങ്ങൾ**

എച്ച്.ഇ.ഡി.-യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യക്ഷമതാ ഓഡിറ്റിന്റെ ഉദ്ദേശ്യം;

- ആവശ്യമായ അന്വേഷണ ഗവേഷണവും, ആസൂത്രണവും, രൂപകല്പനയും, നിലവാര പരിശോധനയും ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ പ്രത്യേക വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികളായ കൺസൾട്ടൻസി സേവനങ്ങളും, തീരദേശ റോഡുകളുടെയും, മത്സ്യം കരയ്ക്കെടുപ്പിക്കൽ കേന്ദ്രങ്ങളുടെയും (എഫ്.എൽ.സി.) മത്സ്യബന്ധന തുറമുഖങ്ങളുടെയും (എഫ്.എച്ച്.) നിർമ്മാണവും അറ്റകുറ്റപ്പണികളും എച്ച്ഇഡി ഏറ്റെടുത്ത് നടത്തിയിരുന്നുള്ളൂ എന്നും;

- അധിക ചെലവും കാലദൈർഘ്യവും ഒഴിവാക്കത്തക്ക വിധം വിവിധ മരാമത്ത് പണികൾ കാര്യക്ഷമമായാണോ എച്ച്.ഇ.ഡി നടത്തിവന്നിരുന്നത് എന്നും വിലയിരുത്തുന്നതുമായിരുന്നു.

**ഓഡിറ്റിന്റെ മാനദണ്ഡം**

- കേരള പി.ഡബ്ല്യു.ഡി. മാനുവൽ

- സർക്കാർ ഉത്തരവുകൾ, വിവിധ നിയമങ്ങളും ചട്ടങ്ങളും, സർക്കുലറുകൾ, സാങ്കേതിക സർക്കുലറുകൾ, നിർമ്മാണ പ്രവർത്തികളെ സംബന്ധിച്ച സാങ്കേതിക ഘടകങ്ങൾ

- വിവിധ തലങ്ങളിലെ കൂടിക്കാഴ്ചകളുടെ മിനിറ്റ്സുകൾ
- എച്ച്.ഇ.ഡി.-യുടെ ഭരണ റിപ്പോർട്ട്
- മരാമത്ത് പണികൾ സംബന്ധിച്ച ഫയലുകൾ, ഉടമ്പടികൾ, കൈപ്പറ്റ് രസീതുകൾ, എച്ച്.ഇ.ഡി.-യുടെ ഫീൽഡ് ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് പ്രാഥമിക രേഖകൾ
- മരാമത്തുപണികളെ സംബന്ധിച്ച പുരോഗതി റിപ്പോർട്ട്.

**ഓഡിറ്റ് നിരീക്ഷണങ്ങൾ**

മുമ്പ് സൂചിപ്പിച്ചിരുന്നതുപോലെ വിനോദ സഞ്ചാര, മത്സ്യബന്ധന, തുറമുഖ വകുപ്പുകളുടെ വിവിധ മരാമത്ത് പണികളും അവയുടെ അറ്റകുറ്റപ്പണികളും ചെയ്യുന്നതിന് വിദഗ്ധ സേവനം നൽകുന്ന വകുപ്പായി ആണ് എച്ച്.ഇ.ഡി. രൂപീകരിച്ചിട്ടുള്ളത്. ജി.ഒ.ഐ.-യുടെ തീരദേശ എഞ്ചിനീയറിംഗ് മേഖലയെ സംബന്ധിച്ച വിദഗ്ധ ഉപദേശകരുടെ പട്ടികയിൽ ചേർത്തിട്ടുള്ളതിനാൽ എച്ച്.ഇ.ഡി.-യിൽ നിന്ന് കൺസൾട്ടൻസി സേവനം പ്രതീക്ഷിക്കപ്പെടുന്നു എന്നിരുന്നാലും എച്ച്.ഇ.ഡി. അഭിമുഖീകരിക്കേണ്ട വൈദഗ്ധ്യമുള്ള കർത്തവ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലായിരുന്നുവെന്നും എച്ച്.ഇ.ഡി. നടപ്പിലാക്കിയ മരാമത്തുപണികളിൽ അനവധി പോരായ്മകൾ ഉണ്ടായിരുന്നതായും ഓഡിറ്റ് പുറത്തുകൊണ്ടുവന്ന വസ്തുതകളിൽ നിന്ന് വ്യക്തമാകുന്നു.

**എച്ച്.ഇ.ഡി.-ക്കു പകരമായി ബാഹ്യ ഏജൻസികളെ പോർട്ട് ചുമതലപ്പെടുത്തിയ മരാമത്തു പണികൾ**

പോർട്ട്സ് വകുപ്പ് അവരുടെ മരാമത്ത് പണികൾ എച്ച്.ഇ.ഡി.-യാൽ നടത്തിക്കേണ്ടതാണെങ്കിലും, പണി പൂർത്തീകരിക്കുന്നതിലുള്ള അസാധാരണമായ കാലതാമസം കാരണം ഗവേഷണ അന്വേഷണം, ആസൂത്രണം, രൂപകല്പന, മരാമത്ത് പണികളുടെ നടത്തിപ്പ് മുതലായവയെ സംബന്ധിക്കുന്ന അവലോകന കാലയളവിലെ 22 നിർമ്മാണ പ്രവർത്തികൾ ബാഹ്യ ഏജൻസികൾക്കും, ആറ് എണ്ണം മാത്രം എച്ച്.ഇ.ഡി.-യ്ക്കും നൽകിയതായി കണ്ടെത്തി. ഇത്തരത്തിൽ മരാമത്ത് പണികൾ ബാഹ്യ ഏജൻസികളെ ഏൽപ്പിച്ചതിന്റെ ഫലമായി പോർട്ട്സ് വകുപ്പിന് 12 മരാമത്ത് പണികളിലായി ഏജൻസി ചാർജ്ജ് വഹിക്കേണ്ടതായും അത് പണിയുടെ ചെലവ് വർദ്ധിക്കുന്നതിനുമിടയാക്കി.

[സി&എ.ജി.-യുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.1, 3.2, 3.3, 3.4, 3.5, 3.6, 3.6.1 എന്നീ ഓഡിറ്റ് ഖണ്ഡികകൾ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

തുറമുഖ വകുപ്പിന്റെ മരാമത്ത് പണികളുടെ ഗവേഷണ അന്വേഷണം, ആസൂത്രണം, രൂപകല്പന എന്നിവ നിർവ്വഹിക്കുന്നതിനായി 1982-ൽ രൂപീകരിച്ച തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്, ഓഡിറ്റ് കാലയളവിൽ തുറമുഖ വകുപ്പ് ആറ് നിർമ്മാണ പ്രവൃത്തികൾ മാത്രം നൽകുകയും, ബാക്കി 22 നിർമ്മാണ പ്രവൃത്തികളും ബാഹ്യഏജൻസികളെ ഏൽപ്പിക്കുകയും ചെയ്തുവെന്ന ഓഡിറ്റ് പരാമർശം തന്നെ 30 വർഷത്തിലേറെ പ്രവർത്തന പരിചയമുള്ള തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ ശോചനീയാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നതാണെന്ന് ഓഡിറ്റ് ഖണ്ഡിക 3.6.1 പരിഗണിച്ച സമിതി അഭിപ്രായപ്പെടുകയും, ആയതിന്മേൽ വകുപ്പിന്റെ വിശദീകരണം തേടുകയും ചെയ്തു.

2. തുറമുഖത്തിന്റെ രൂപകൽപ്പന ഉൾപ്പെടെയുള്ള മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ മരാമത്ത് പണികൾ പൊതുമരാമത്ത് വകുപ്പിന്റേതിൽ നിന്നും വ്യത്യസ്തമാണെങ്കിലും രണ്ട് വകുപ്പിലേയും പ്രവൃത്തികൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തികകൾക്കുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ളത് ഒരുപോലെയാണെന്നും, വകുപ്പ് രൂപീകൃതമായ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള തുറമുഖങ്ങളാണ് നാം ഇന്ന് നിർമ്മിക്കുന്നതെന്നും, ആയതിനാൽ, തുറമുഖ/മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളിൽ പ്രത്യേക പരിജ്ഞാനമുള്ള എഞ്ചിനീയറിംഗ് തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ അഭാവം മൂലമാണ് എച്ച്.ഇ.ഡി-യുടെ മിക്ക പ്രവൃത്തികളും ബാഹ്യഏജൻസികളെ ഏൽപ്പിക്കേണ്ടി വരുന്നതെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

3. മാതൃകാപഠനത്തിനുവേണ്ടിയുള്ള പ്രവൃത്തികൾ മാത്രമാണ് ബാഹ്യഏജൻസികളെ ഏൽപ്പിച്ചതെന്നും തുറമുഖ പദ്ധതികളുടെ ഗവേഷണ അന്വേഷണങ്ങളും, ബ്രേക്ക് വാട്ടറിന്റെ ഡിസൈൻ തയ്യാറാക്കലും ചെയ്തിരിക്കുന്നത് വകുപ്പാണെന്നും, വലിയൊരു പ്രോജക്ടിന് കോടിക്കണക്കിന് രൂപ മൂലധന നിക്ഷേപം നടത്തുമ്പോൾ രാജ്യത്ത് ലഭിക്കുന്ന ഒരു ടെക്നിക്കൽ എക്സ്പെർട്ടിന്റെ അഭിപ്രായം അനിവാര്യമായതിനാൽ ഡിപ്പാർട്ട്മെന്റ് ഇൻവെസ്റ്റിഗേഷനും ഡാറ്റാകളക്ഷനുമുൾപ്പെടെയുള്ള ടെൻടേറ്റീവ് ലേഔട്ടാണ് സി.ഡബ്ല്യു.പി.ആർ.എസ്.-നും, ഐ.ഐ.ടി-ക്കും നൽകിയതെന്നും തുറമുഖഎഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും തുറമുഖ പദ്ധതികളുടെ മാതൃകാപഠനത്തിന് സി.ഡബ്ല്യു.പി.ആർ.എസ്., ഐ.ഐ.ടി എന്നീ സ്ഥാപനങ്ങളെ തന്നെയാണ് ഏൽപ്പിക്കുന്നതെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി ചീഫ് എഞ്ചിനീയർ അറിയിച്ചു.

4. തുറമുഖ വകുപ്പിന്റെ മറുപടി ഭാഗികമായി സമിതി അംഗീകരിച്ചു. തുറമുഖ, മത്സ്യബന്ധന വകുപ്പുകളുടെ വിവിധ നിർമ്മാണ, അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനായിട്ടാണ് എച്ച്.ഇ.ഡി. വകുപ്പ് രൂപവൽക്കരിക്കപ്പെട്ടതെങ്കിലും വകുപ്പ് രൂപീകരിച്ചശേഷം ഏറ്റെടുത്ത പണികൾ ഏറെയും പുറം കരാർ പ്രകാരം മറ്റ് ഏജൻസികൾക്ക് നൽകി വരുന്നു എന്ന സ്ഥിതി വിശേഷം അത്യന്തം ശോചനീയവും വകുപ്പ് രൂപവൽക്കരണത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്നതായും സമിതി വിലയിരുത്തുന്നു. മരാമത്ത് പണികൾ ബാഹ്യ ഏജൻസിയെ ഏൽപ്പിച്ചതിലൂടെ ഏജൻസി കമ്മീഷൻ ഇനത്തിലും സാങ്കേതിക പിഴവുമൂലം പണികൾ പൂർത്തീകരിക്കുന്നതിലുള്ള കാലതാമസത്തിന്റെ പരിണിത ഫലമായുണ്ടായ അധിക നിർമ്മാണ ചെലവ് ഇനത്തിലും വകുപ്പ് സ്ഥിരമായി നഷ്ടം ഉണ്ടാക്കി കൊണ്ടിരിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. നൂതന സാങ്കേതിക പരിജ്ഞാനവും, വൈദഗ്ധ്യവുമുള്ള ജീവനക്കാരുടെ അഭാവം കാരണമാണ് മിക്ക പ്രവൃത്തികളും ബാഹ്യ ഏജൻസികളെ ഏൽപ്പിക്കേണ്ടി വരുന്നതെന്നും തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളിൽ തുറമുഖ നിർമ്മാണത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറിംഗ് തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുന്നു. സാങ്കേതിക പരിജ്ഞാനവും, വൈദഗ്ദ്ധ്യവുമുള്ള ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് പുനഃസംഘടിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി അഭിപ്രായപ്പെടുകയും, അതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിന് സമർപ്പിക്കണമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിയിൽ ലഭ്യമാക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

5. ഓഡിറ്റ് ഖണ്ഡിക 3.6-ന് 'തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടില്ലാത്തത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു' എന്ന ഗവൺമെന്റ് മറുപടി പരിഗണിച്ച സമിതി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനായി ഒരു ഫിനാൻസ് ഓഫീസറുണ്ടെങ്കിലും ശരിയായ രീതിയിലല്ല വകുപ്പിന്റെ അക്കൗണ്ട്സ് കീപ്പിങ് നടക്കുന്നതെന്ന് പദ്ധതിയുടെ അവലോകന വേളയിൽ ശ്രദ്ധയിൽപ്പെട്ടതായും അത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് വകുപ്പിന്റെ നിലവിലുള്ള കണക്കെഴുത്ത് രീതികൾ പരിഷ്കരിക്കുന്നതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

6. മത്സ്യബന്ധനതുറമുഖ വകുപ്പിന്റെ വിവിധ നിർമ്മാണ, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വിദഗ്ധ സേവനം നൽകുവാൻ പ്രാപ്തരായ നൂതന സാങ്കേതിക വിദ്യയിൽ പരിജ്ഞാനവും വൈദഗ്ധ്യവുമുള്ള ജീവനക്കാരെ ഉൾക്കൊള്ളിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനുമായി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് പുനഃസംഘടിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി, അതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി ഗവൺമെന്റ് മുൻപാകെ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് നിർദ്ദേശിക്കുന്നു.

7. തുറമുഖ് എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ ഗവേഷണ ചെലവുകൾക്കായി പ്രത്യേകമായി ശീർഷകമോ തുകയോ വകയിരുത്തിയിട്ടില്ലാത്തത് തികച്ചും ഖേദകരമാണ്. സാങ്കേതിക പരിജ്ഞാനം അനിവാര്യമായ മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പെന്ന നിലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അന്വേഷണ ഗവേഷണങ്ങൾക്കുള്ള ചെലവിനായി തുക വകയിരുത്തുന്നതിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

8. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ അന്വേഷണ ഗവേഷണങ്ങൾക്ക് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിലെ അക്കൗണ്ട്സ് കീപ്പിംഗ് ഒട്ടും ശാസ്ത്രീയമല്ലെന്നും ആയത് പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കൺസൾട്ടൻസി ജോലികൾ നടത്തിയതിലെ മോശമായ പ്രവർത്തന റിപ്പോർട്ട്**

തുറമുഖങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെയും, രൂപകൽപ്പനയുടെയും, ഗവേഷണങ്ങളുടെയും, ഗവേഷണ അന്വേഷണങ്ങളുടെയും ചുമതല കേന്ദ്ര സർക്കാർ എച്ച്.ഇ.ഡി.-യ്ക്ക് നൽകിയെങ്കിലും കൊച്ചി കപ്പൽ നിർമ്മാണശാലയ്ക്കുവേണ്ടി "എക്കൽ മണ്ണ് മൂടിയതിനെ സംബന്ധിച്ച പഠനം" എന്ന ₹16.24 ലക്ഷം മൂല്യമുള്ള ഒരു കൺസൾട്ടൻസി സേവനം (ഡിസംബർ 2011) മാത്രമേ 2009-2014 കാലയളവിൽ എച്ച്.ഇ.ഡി. പ്രദാനം ചെയ്തിരുന്നുള്ളൂ. പ്രസ്തുത ജോലിയിൽ എക്കൽമണ്ണ് അടിയുന്നതിനെ സംബന്ധിച്ച വിവരശേഖരണം നടത്തി കപ്പൽശാലയ്ക്ക് നൽകുക മാത്രമായിരുന്നുവെന്നല്ലാതെ, മറ്റ് ജോലികളിൽ ആവശ്യമായ പ്രാഗൽഭ്യം ഒന്നും തന്നെ വേണ്ടിയിരുന്നില്ല.

[സി&എജി-യുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.6.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

9. കൺസൾട്ടൻസി ജോലികൾ നടത്തിയതിലെ മോശമായ പ്രവർത്തന റിപ്പോർട്ട് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി തുറമുഖ വകുപ്പിന്റെ വിശദീകരണം ആരാഞ്ഞു.

10. പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ഒരു പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ, കേന്ദ്രസർക്കാരിന്റെ വിദഗ്ദ്ധ ഉപദേശകരുടെ പട്ടികയിൽ ചേർത്തിട്ടുള്ള കൺസൾട്ടൻസി ഏജൻസിയുടെ പരിസ്ഥിതി ആഘാതനിർണ്ണയ റിപ്പോർട്ട് ലഭിക്കണമെന്നും എച്ച്.ഇ.ഡി.-യെ കൺസൾട്ടന്റായി പട്ടികയിൽ ചേർത്തിട്ടുണ്ടെങ്കിലും അത്തരത്തിലൊരു കൺസൾട്ടൻസി ജോലികൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങളോ വൈദഗദ്ധ്യമുള്ള ജീവനക്കാരോ ഇല്ലാത്തതിനാൽ അവർക്ക് ആയതിനുള്ള പ്രാപ്തി ഇല്ലായെന്നും ആയതിനാൽ എച്ച്.ഇ.ഡി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ അംഗീകരിക്കപ്പെടുന്നില്ലായെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

11. എച്ച്.ഇ.ഡി, കൊച്ചിൻ ഷിപ്പ്‌യാർഡിൽ എക്കൽ മണ്ണ് അടിയുന്നതിനെ സംബന്ധിച്ച വിവരശേഖരണം നടത്തി കപ്പൽശാലയ്ക്ക് നൽകുക മാത്രമായിരുന്നെന്നും, മറ്റ് ജോലികളിൽ ആവശ്യമായ പ്രാഗൽഭ്യം ഒന്നുംതന്നെ ഇതിനാവശ്യമില്ലായിരുന്നെന്നുമുള്ള എ.ജി-യുടെ നിരീക്ഷണത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പുറമേ നോക്കുമ്പോൾ വളരെ എളുപ്പമായി തോന്നാമെങ്കിലും അതു വളരെ ബുദ്ധിമുട്ട് നിറഞ്ഞ ജോലിയാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടിയായി അറിയിച്ചു.

12. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തിപ്പെടുത്തുന്നതിനായി വകുപ്പിന്റെ പുനഃസംഘടന അത്യാന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി. വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അടിയന്തരമായി സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

13. തീരദേശ എഞ്ചിനീയറിംഗ് മേഖലയിലെ കൺസൾട്ടന്റായി കേന്ദ്രസർക്കാർ എച്ച്.ഇ.ഡി.-യെ നിയമിച്ചിട്ടുണ്ടെങ്കിലും ടി വകുപ്പ് നടത്തുന്ന കൺസൾട്ടൻസി പഠനങ്ങളും പാരിസ്ഥിതിക പഠനങ്ങളും നിലവാരമില്ലാത്തതിനാൽ തള്ളിക്കളയുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇന്ത്യയിൽ തന്നെ ഈ മേഖലയിൽ അന്താരാഷ്ട്ര നിലവാരമുള്ള (റേറ്റിംഗ് ഉള്ള)

ഏജൻസികൾ വളരെയേറെയുള്ളതിനാൽ ഇത്തരത്തിൽ തീർത്തും കാര്യശേഷിയില്ലാതെയും ക്ഷമതയില്ലാതെയും ഒരു സർക്കാർ സംവിധാനം പ്രവർത്തിക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം പ്രസ്തുത സ്ഥാപനം തികച്ചും ഒരു വെള്ളാനയായി തീരുമോയെന്നും സമിതി ആശങ്ക പ്രകടിപ്പിക്കുന്നു. ആയതിനാൽ കൂടുതൽ മെച്ചപ്പെട്ടതും കാര്യക്ഷമവും, സാങ്കേതിക മികവോട് കൂടിയ സേവനം കാഴ്ചവയ്ക്കുന്നതിന് പര്യാപ്തമാകുന്ന വിധത്തിൽ അടിയന്തരമായി എച്ച്.ഇ.ഡി.-യെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കൺസൾട്ടന്റുമാരെ പുറമേ നിന്ന് ഏർപ്പാടാക്കൽ**

എച്ച്.ഇ.ഡി.-ക്ക് സ്വന്തം കർമ്മമണ്ഡലത്തിലുണ്ടാകുമെന്ന് പ്രതീക്ഷിച്ച പ്രാഗത്ഭ്യം തീരെയുമില്ലാതെ പോയതിനാൽ ₹3.10 കോടിക്കുള്ള 25 പദ്ധതികൾക്ക് ബാഹ്യ ഏജൻസികളുടെ സേവനം തേടേണ്ടിവന്നു. സഹായം അഭ്യർത്ഥിച്ച 25-ൽ (അനുബന്ധം III) 24 കൺസൾട്ടൻസി സേവനങ്ങളും എച്ച്.ഇ.ഡി.-ക്ക് . വൈദഗ്ധ്യമുണ്ടായിരിക്കേണ്ട എഫ്.എച്ച് നിർമ്മാണ ജോലികൾക്കായിരുന്നു.

പാലം നിർമ്മാണത്തെ സംബന്ധിച്ച രണ്ട് പണികൾ എച്ച്.ഇ.ഡി.-യ്ക്ക് സാധ്യമല്ലാതിരുന്നിട്ടും ഏറ്റെടുക്കുകയും അതിന് ബാഹ്യ ഏജൻസികളുടെ സഹായം തേടേണ്ടി വന്നതും താഴെ വിവരിക്കുന്നു. എച്ച്.ഇ.ഡി.-യിൽ സ്ട്രക്ച്ചറൽ ഡ്രായിംഗുകൾക്കും രൂപകല്പനകൾക്കുമായി പ്രത്യേകമായ രൂപകല്പന ഗവേഷണ വിഭാഗമില്ലാത്തതും പരിചയക്കുറവും കാരണം തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് എടുത്തത് പിന്നീടുള്ള എസ്റ്റിമേറ്റ് പരിഷ്കരണത്തിനും ബാഹ്യ ഏജൻസികളെ ഏർപ്പാടാക്കുന്നതിനും പൂർത്തീകരണത്തിലെ കാലതാമസത്തിനും അഥവാ അപൂർത്തീകരണത്തിനും വലിയ പാലങ്ങളുടെ നിർമ്മാണ ചെലവ് അധികരിക്കുന്നതിനുമിടയാക്കി.

- ചെല്ലാനം ഗ്രാമപഞ്ചായത്തിലെ നമ്പിയാപുരം-കട്ടിപ്പറമ്പ് തടയണപ്പാലം നിർമ്മാണം 2012 ഡിസംബറിലാണ് ഏല്പിച്ചത്. രൂപകല്പനയിൽ എച്ച്.ഇ.ഡി. സജ്ജമല്ലാതിരുന്നതിനാലും ആദ്യത്തെ രൂപകല്പന നിർമ്മാണത്തിന് യോജ്യമല്ലാതിരുന്നതിനാലും കരാർ ഉടമ്പടി ചെയ്തശേഷം, രൂപകല്പനയ്ക്ക് അന്തിമ രൂപം നൽകുന്നതിലേക്കായി ഒരു ബാഹ്യ ഏജൻസി പഠനം നടത്തുകയുണ്ടായി. അന്തിമ രൂപകല്പന, ഡ്രായിംഗ്, പരിഷ്കരിച്ച എസ്റ്റിമേറ്റ് എന്നിവയൊന്നും തന്നെ ഇതുവരെയും അംഗീകരിച്ചിട്ടില്ല. (ആഗസ്റ്റ് 2014). അതിനിടയ്ക്ക് കരാർ കാലാവധി കഴിയുകയും (നവംബർ 2013) നിർമ്മാണ ജോലി സുവ്യക്തമായ ഒരു ഭാവി പുരോഗതിയില്ലാതെ തടസ്സപ്പെട്ടിരിക്കുകയുമാണ്.

- കമ്പളം-നെട്ടൂർ പാലത്തിന്റെ നിർമ്മാണത്തിന് 2012 ഡിസംബറിൽ സാങ്കേതിക അനുമതി നൽകുകയും 2013 സെപ്റ്റംബറിൽ കരാർ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ

ജോലി കരാർ ഏൽപ്പിക്കുന്ന അവസരത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമല്ലാത്തതിനാൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഫോർ സയൻസ് ആന്റ് ടെക്നോളജിയെ (കുസാറ്റ്) ഏൽപ്പിക്കുകയും അത് മാർച്ച് 2014-ന് ലഭ്യമാക്കുകയും ചെയ്തു. കുസാറ്റ് സമർപ്പിച്ച പുതിയ രൂപകല്പനയിൽ നിർമ്മാണ ചെലവ് അധികരിക്കുമെന്ന് സി.ഇ.ഒ.-യ്ക്ക് സംശയമുണ്ടായിരുന്നു. അനുവദിച്ച തുകയേക്കാൾ 23.67 ശതമാനം ഉയർന്നതായിരുന്നു പുതുക്കിയ ഡിസൈനെ അടിസ്ഥാനപ്പെടുത്തിയുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റ്, അതിനിടയ്ക്ക്, കരാറുകാരൻ ആറ് കോടി മിച്ചം വരുന്ന മറ്റൊരു രൂപകല്പനയും സമർപ്പിച്ചു ഇതിന് സർക്കാർ അനുമതി ലഭിക്കേണ്ടതുണ്ട് എന്നതിനാൽ ഈ രൂപകല്പന സർക്കാരിലേക്കയച്ചു (നവംബർ 2014). കരാറിന്റെ കാലാവധി 2014 സെപ്റ്റംബറിൽ അവസാനിക്കുകയും നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുകയും ചെയ്തു.

[സി&എജി-യുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.6.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

14. ഖണ്ഡിക 3.6.3 പരിഗണിച്ച സമിതി, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒരു പാലത്തിന്റെ എസ്റ്റിമേറ്റ് പോലും ശരിയായ രീതിയിൽ തയ്യാറാക്കാൻ സാധിക്കാത്തതെന്താണെന്നും പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസം അഥവാ അപൂർത്തീകരണം എന്നിവയ്ക്കുള്ള കാരണവും സമിതി വകുപ്പിനോട് ആരാഞ്ഞു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഗവേഷണ നടത്തിപ്പുകൾക്കുള്ള ചെലവ് വഹിക്കുന്നതിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് എടുത്ത് ഭരണാനുമതി കിട്ടിയതിനുശേഷമാണ് വകുപ്പ് ഗവേഷണം നടത്തി ഡിസൈൻ തയ്യാറാക്കുന്നതെന്നും അതിനാലാണ് നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നതെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ വിശദമാക്കി. വകുപ്പ് വർഷാവർഷം ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കുന്നത് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമുണ്ടാക്കുന്നുണ്ടെന്നും, പി.ഡബ്ല്യു.ഡി. മുഖേന ടെണ്ടർ വിളിച്ച് ഷെഡ്യൂൾ തയ്യാറാക്കുന്ന പഴയ രീതി മാറ്റി സ്വിസ്സ് ചാനൽ മെത്തേഡ് സ്വീകരിച്ചാൽ എല്ലാ നിർമ്മാണ പ്രവൃത്തികളും നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയുമെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടർന്നറിയിച്ചു.

15. കുമ്പളം-നെട്ടൂർ പാലത്തിന്റെ നിർമ്മാണത്തിനായി കുസാറ്റ് തയ്യാറാക്കിയ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റിൽ 23.67% വർദ്ധനവ് വന്നത് സംബന്ധിച്ച് സമിതി വകുപ്പിനോട് വിശദീകരണം ആരാഞ്ഞു. പ്രസ്തുത പാലം നിർമ്മാണത്തിന്റെ

ആരംഭഘട്ടത്തിൽ ഭൂമി ലഭ്യമായില്ലെന്നും, ഭൂമി ലഭിച്ചപ്പോഴേക്കും കരാർ കാലാവധി അവസാനിച്ചതിനാൽ കസാറ്റിന്റെ ഡിസൈനു് പകരം തന്റെ ഡിസൈൻ പ്രകാരമാണെങ്കിൽ സർക്കാരിനു ലാഭകരമായി, നേരത്തെയുള്ള റേറ്റിൽ ചെയ്യാമെന്നും അല്ലെങ്കിൽ അധികതുക നൽകണമെന്നും കരാറുകാരൻ അറിയിച്ചുവെന്നും പിന്നീട് 2.16 കോടി രൂപ സർക്കാരിന് ലാഭം വരുന്ന തരത്തിൽ കരാറുകാരൻ തയ്യാറാക്കിയ ഡിസൈൻ വകുപ്പിന് സമർപ്പിക്കുകയും ആയതിന് കസാറ്റ്, ധനകാര്യവകുപ്പ് എന്നിവയുടെ അംഗീകാരം ലഭിക്കുകയും ഇപ്പോൾ പാലം നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്ന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയിൽ വിശദീകരിച്ചു.

16. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യബന്ധന തുറമുഖങ്ങളും മത്സ്യക്കടവുകളും ഉള്ളത് കേരളത്തിലാണെന്നും എന്നാൽ ഇവയിൽ പലതും പ്രവർത്തനക്ഷമമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. എല്ലാ വർഷവും ഡ്രെഡ്ജിംഗിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും ഫലപ്രദമായി ഡ്രെഡ്ജിംഗ് നടക്കുന്നില്ലെന്നും മത്സ്യബന്ധന തുറമുഖങ്ങൾ ഡ്രെഡ്ജ് ചെയ്തുനവീകരിക്കുന്നതിന് വേണ്ടി ഇവ ഏതെങ്കിലും ഏജൻസികൾക്ക് 'വൺടൈം ടേൺ കീ' അടിസ്ഥാനത്തിൽ അഞ്ച് വർഷത്തേയ്ക്ക് നൽകുന്നത് ഉചിതമായിരിക്കുമെന്നും തുറമുഖ വകുപ്പ് സെക്രട്ടറി അറിയിച്ചു. പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ ഇനി ആരംഭിക്കുകയല്ല മറിച്ച് നിലവിലുള്ള ഫിഷിംഗ് ഹാർബറുകൾ ആധുനികവൽക്കരിക്കുകയാണാവശ്യമെന്ന് സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

17. എച്ച്.ഇ.ഡി. ഏറ്റെടുത്ത കൺസൾട്ടൻസി പഠനങ്ങൾ ടി വകുപ്പിൽ ആർ&ഡി വിംഗ് ഇല്ലാത്തതിനാൽ ബാഹ്യ ഏജൻസികളെക്കൊണ്ട് ചെയ്യിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഭരണാനുമതി കിട്ടിയശേഷം മാത്രം പ്രോജക്ടുകൾ ഡിസൈൻ ചെയ്യുന്നതിനാൽ പ്രോജക്ട് കാലയളവ് ദീർഘിക്കുന്നതിനും ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്ത് പ്രവർത്തികൾ ആരംഭിച്ചത് കാരണം ചെലവ് അനിയന്ത്രിതമായി വർദ്ധിക്കുന്നതിനും ഇടയാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഭരണാനുമതിയ്ക്കായി സമർപ്പിക്കുമ്പോൾ ആയതിന് എസ്റ്റിമേറ്റിനൊപ്പം മറ്റ് പ്രാരംഭ പഠനങ്ങൾ, ഡിസൈനിംഗ്, ആസൂത്രണം എന്നീ മേഖലകളിൽ നടത്തിയ പഠന റിപ്പോർട്ട് അനിവാര്യമാണെന്ന് വകുപ്പ് നിഷ്കർഷിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

**എച്ച്.ഇ.ഡി.-യാൽ നടത്തപ്പെട്ട നിർമ്മാണപ്പണികൾ**

2009-2014 കാലയളവിൽ എച്ച്.ഇ.ഡി. നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ഭൗതിക സ്ഥിതി ചുവടെ വിവരിക്കുന്നു:

(എണ്ണത്തിൽ)

| പദ്ധതിയുടെ ഇനം | അനുവദിച്ചത് | പൂർത്തിയാക്കിയത് | നടന്നുകൊണ്ടിരിക്കുന്നത് | ഏല്പിക്കാത്ത പണികൾ | നിർത്തലാക്കിയ/ ഉപേക്ഷിക്കപ്പെട്ട പണികൾ | പൂർത്തീകരിച്ചത് ശതമാനത്തിൽ (31-3-2014) |
|---|---|---|---|---|---|---|
| മത്സ്യബന്ധന തുറമുഖ നിർമ്മാണം | 6 | 0 | 5 | 1 | 0 | 0 |
| മത്സ്യക്കടവിന്റെ നിർമ്മാണം | 3 | 0 | 1 | 1 | 1 | 0 |
| പോർട്ട് | 5 | 3 | 1 | 0 | 1 | 60 |
| വിനോദസഞ്ചാര പദ്ധതി | 23 | 8 | 8 | 2 | 5 | 34.78 |
| എൻഎഫ്ഡിബി | 13 | 1 | 10 | 2 | 0 | 7.69 |
| ടിആർപി | 3 | 3 | 0 | 0 | 0 | 100 |
| തീരദേശ റോഡുകൾ | 1592 | 1058 | 233 | 234 | 67 | 66.46 |
| ആർകെവിവൈ | 10 | 3 | 7 | 0 | 0 | 20 |
| നബാർഡ് | 48 | 7 | 14 | 24 | 3 | 14.58 |
| ഡ്രെഡ്ജിംഗ് പദ്ധതികൾ | 9[1] | 3 | 5 | 0 | 1 | 38.33 |
| ആകെ | 1712 | 1086 | 284 | 264 | 78 | 63.38 |

1 ഒരു പ്രോജക്ടിൽ, രണ്ട് മത്സ്യബന്ധന തുറമുഖങ്ങളോടൊപ്പമുള്ള ഡ്രെഡ്ജിംഗിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള ഏഴ് പ്രോജക്ടുകളായി എടുത്തിട്ടുള്ള ഏഴ് മത്സ്യബന്ധന തുറമുഖങ്ങൾ ഉൾപ്പെടുന്നതാണ്.

ലാക്ഷണിക പരിശോധന നടത്തിയ 138 പണികളുടെ സ്ഥിതി താഴെ സൂചിപ്പിക്കുന്നു.

| ക്രമ നമ്പർ | ഇനം | മരാമത്ത് പണികളുടെ എണ്ണം | അഭിപ്രായം/കാരണം |
|---|---|---|---|
| 1. | യഥാസമയം പൂർത്തീകരിച്ചത് | 26 | |
| 2. | നീട്ടി അനുവദിച്ച സമയത്തിനുള്ളിൽ പൂർത്തീകരിച്ചത് | 79 | നിർമ്മാണ വസ്തുക്കളുടെ അഭാവം, ഭൂമി ലഭിക്കുന്നതിലെ കാലതാമസം, മതിപ്പുകളുടെ പരിഷ്കരണം |
| 3. | നിർത്തിവച്ച/മതിയാക്കിയ മരാമത്ത് പണികൾ | 5 | കരാറുകാരന്റെ മോശമായ പ്രവർത്തനം, ഭൂമി ലഭിക്കുന്നതിലെ കാലതാമസം |
| 4. | നിശ്ചലാവസ്ഥയിലായ മരാമത്ത് പണികൾ | 2 | അതിർത്തികളെയും, അളവുകളെയും സംബന്ധിച്ച തർക്കങ്ങൾ |
| 5. | ഇതുവരെ തുടങ്ങാത്ത പണികൾ | 4 | തടസ്സരഹിത ഭൂമിയുടെ ലഭ്യതക്കുറവ് |
| 6. | നീട്ടി അനുവദിച്ച സമയത്തിനുള്ളിൽ തുടർന്നു കൊണ്ടിരിക്കുന്ന മരാമത്ത് പണികൾ | 18 | നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ്. ഭൂമി ലഭിക്കുന്നതിലെ. കാലതാമസം, മതിപ്പുകളുടെ പരിഷ്കരണം, പൊതുജന പ്രതിഷേധം, കരാറുകാരുടെ മോശമായ പ്രവർത്തനം |
| 7. | പൂർത്തീകരണത്തിന് അനുവദിച്ച സമയത്തിനുള്ളിൽ തന്നെ നടന്നുകൊണ്ടിരിക്കുന്ന പണികൾ | 4 | |

ഭൂമിയുടെയും നിർമ്മാണ വസ്തുക്കളുടെയും ലഭ്യതയില്ലായ്മ, കരാറുകാരന്റെ മോശമായ മരാമത്തുപണി നടത്തിപ്പ്, കാലതാമസം കൊണ്ടും പ്രതിഷേധങ്ങൾ മൂലവും പണിയിൽ നേരിട്ട തടസ്സങ്ങളും തൽഫലമായി ഉണ്ടായ കാലതാമസവും പരിണിതഫലമായി ഉണ്ടായ ചെലവ് വർദ്ധനയും സംക്ഷിപ്തമായി ഈ റിപ്പോർട്ടിന്റെ പിന്നീടുള്ള ഭാഗങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും കടൽ, തീരദേശം, സമുദ്രവുമായി ബന്ധപ്പെട്ട ജീവിതരീതി, സമുദ്ര തിരമാലകൾ, കാലാവസ്ഥ-ഭൂമിശാസ്ത്ര സ്ഥിതി എന്നിവയുടെ പ്രത്യേക സ്വഭാവങ്ങൾ മനസ്സിലാക്കുവാനും, ഉണ്ണനിലവാരം നിരൂപിക്കുവാനും അവയിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ഉപയോഗിക്കുവാനും എച്ച്.ഇ.ഡി.-യിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്ന വിദഗ്ധ പ്രവർത്തന പാടവത്തിന്റെ പരാജയങ്ങൾ താഴെ പറയുന്ന ഖണ്ഡികകളിൽ വിവരിക്കുന്നു.

**നിരീക്ഷണവും അന്വേഷണ ഗവേഷണവും**

ഏത് പ്രവർത്തിയും ആസൂത്രണം ചെയ്യുന്നതിനുമുമ്പ് തന്നെ ശരിയായ രീതിയിൽ അവ ആസൂത്രണം ചെയ്യുന്നതിന് അന്വേഷണ ഗവേഷണത്തിനുപയോഗ്യമായ അടിസ്ഥാന വിവരങ്ങളും ആവശ്യമായ വിവരശേഖരണവും അടിയന്തരമായി കൈക്കൊള്ളേണ്ട ഒരു നടപടിയാണ്. ഏതൊരു മരാമത്ത് പണിയുടെയും മതിപ്പും, രൂപകല്പനയും, പദ്ധതിരേഖയും അന്തിമമാക്കുന്നതിനുമുമ്പ്, ശേഖരിച്ചുവച്ചിട്ടുള്ള പ്രസക്തമായ വസ്തുതകളും വിവരങ്ങളും ശേഖരിക്കേണ്ടതും സമന്വയിപ്പിക്കേണ്ടതുമാണ്. മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യക്കടവുകളുടെയും നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള വിശേഷ സേവന വകുപ്പ് എന്ന നിലയിൽ തീരപ്രദേശങ്ങളിലും പൊഴികളിലും തിരമാലകളുടെ ആഘാതബലത്തെക്കുറിച്ചും എക്കൽ മണ്ണടിയലിനെക്കുറിച്ചും വിശദമായ ഗവേഷണം നടത്തണമെന്നിരിക്കെ ഇത്തരം പ്രവൃത്തികൾക്ക് തെറ്റായ സ്ഥലം തെരഞ്ഞെടുക്കുന്നതും തെറ്റായ രൂപകൽപ്പന സ്വീകരിക്കുന്നതും ഗണ്യമായ അളവിൽ ഒഴിവാക്കാവുന്ന ചെലവും, കാലതാമസവും ഉണ്ടാക്കുന്നു. സേവന മണ്ഡലത്തിലെ വൈദഗ്ധ്യത്തിലെ അഭാവവും പണി ആരംഭിക്കുന്നതിന് മുമ്പ് നടത്തേണ്ട പഠനങ്ങളിലെ പോരായ്മയും അന്വേഷണ ഗവേഷണങ്ങളുടെ അപര്യാപ്തതയും എച്ച്.ഇ.ഡി. ഏറ്റെടുത്ത മരാമത്ത് പണികളിൽ പ്രതിഫലിച്ചത് താഴെ വിവരിക്കുന്നു.

**(i) എഫ് എച്ച്, പൊന്നാനി**

₹27.59 കോടി വരുന്ന പൊന്നാനി എഫ്.എച്ചി-ന്റെ നിർമ്മാണം (മാർച്ച് 2000) ...ത്സ്യ ബന്ധനവും പോർട്ടും വകുപ്പ് അനുവദിച്ചു 2011 ഫെബ്രുവരിയിൽ തുറമുഖം ...പ്രവർത്തനക്ഷമമാക്കപ്പെട്ടു. എന്നിരുന്നാലും, പൊന്നാനിയിൽ കൂടുതലായും ഉപയോഗിക്കുന്ന ...ടികൊണ്ട് നിർമ്മിക്കപ്പെട്ട ബോട്ടുകൾ വേലിയേറ്റ തിരമാലകളുടെ ആഘാതത്താൽ ...കടവിനോട് അടുപ്പിക്കുന്ന അവസരത്തിൽ വാർഫിൽ ഇടിച്ച് ബോട്ടിന് നാശം

സംഭവിക്കുന്നതിനാൽ വാർഫ് ഉപയോഗയോഗ്യമല്ല. പണി ആസൂത്രണം ചെയ്യുന്ന അവസരത്തിൽ എച്ച്.ഇ.ഡി. വേലിയേറ്റ തിരമാലയുടെ സ്വഭാവം പരിഗണിക്കപ്പെടാതിരുന്നതു കാരണമാണ് മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് വാർഫ് ഉപയോഗയോഗ്യമല്ലാതായത്.

### (ii) എഫ് എച്ച്, മുതലപ്പൊഴി, തിരുവനന്തപുരം

50 ശതമാനം കേന്ദ്ര സഹായത്തോടുകൂടി മുതലപ്പൊഴി എഫ് എച്ച് നിർമ്മാണം ₹13.66 കോടി ചെലവിൽ ജിഒഐ അനുവദിച്ചു (മാർച്ച് 2000). അലൈൻമെന്റ് നിശ്ചയിക്കുക, സാധ്യതാപഠനം നടത്തുക തുടങ്ങിയവയ്ക്കായി എച്ച്.ഇ.ഡി. ഒരു ബാഹ്യ ഏജൻസിയെ ഏർപ്പാടാക്കി. പണി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ എക്കൽമണ്ണ് വളരെക്കൂടുതലായി അടിഞ്ഞുകൂടുന്നത് പണി മുന്നോട്ടുകൊണ്ടുപോകുന്നത് അസാധ്യമാക്കി. പിന്നീട് 2013 മാർച്ചിൽ ബാഹ്യ ഏജൻസികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പണി ചെയ്ത കടൽഭിത്തിയുടെ ഒരു ഭാഗം പൊളിക്കുകയും മാറ്റി നിർമ്മിച്ച് അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. കടൽ ഭിത്തിയുടെ തെറ്റായ അലൈൻമെന്റ് കാരണം വാർഫും അതിനോട് ചേർന്ന ലേലപ്പുരയും ഉപയോഗക്ഷമമല്ലാതായി. അങ്ങനെ, പണിസ്ഥലത്തെക്കുറിച്ചുള്ള തെറ്റായ ഗ്രാഹ്യം തെറ്റായ അലൈൻമെന്റിലേക്ക് നയിക്കുകയും, നിർമ്മിച്ച കടൽ ഭിത്തിയുടെ ഒരു ഭാഗം പൊളിച്ചു മറ്റൊരു പദ്ധതിക്കുവേണ്ടി അനുവദിച്ച ആർ.കെ.വി.വൈ. ഫണ്ട് ഉപയോഗിച്ച് അധിക ചെലവിൽ പുനർനിർമ്മിക്കേണ്ടതായും വന്നു.

### (iii) തലായി എഫ്എച്ചി-ലെ വാർഫും ലേലപ്പുരയും

മറ്റൊരു സന്ദർഭത്തിൽ നിർമ്മാണം നടത്താനിരിക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള നിരീക്ഷണ പരിശോധനയും ഗവേഷണ അന്വേഷണവും നടത്താതിരുന്നതിന്റെ ഫലമായി പണിസ്ഥലം താഴ്ന്ന പ്രദേശമാണ് എന്ന വസ്തുത പണി ഏൽപ്പിക്കുന്ന അവസരത്തിൽ അവഗണിക്കപ്പെട്ടു. ഇത് ഒഴിവാക്കാവുന്ന അധിക ചെലവിലേക്ക് നയിക്കുകയും പണി അപൂർണ്ണമായി അവശേഷിക്കുന്നതിനിടയാക്കുകയും ചെയ്തു.

₹3.14 കോടി മതിപ്പുതുകയിന്മേൽ 40 ശതമാനം അധിക (എസ്.ഒ.ആർ. 2009) ദർഘാസ് സമ്മതിച്ച് ₹4.32 കോടിയുടെ ഏകദേശം കരാർ തുകയ്ക്ക് തലായി മത്സ്യബന്ധന തുറമുഖത്ത് വാർഫും അതിനോടൊപ്പം ഒരു ലേലപ്പുരയും നിർമ്മിക്കുന്നതിന് ഒരു കരാറുകാരന്[2] എസ്.ഇ., എച്ച്.ഇ.ഡി., നോർത്ത് സർക്കിൾ, കോഴിക്കോട് കരാർ പണി നൽകി (സെപ്റ്റംബർ 2010). പണി ആരംഭിച്ച ശേഷം, സാങ്കേതികാനുമതി (ഒക്ടോബർ 2009)-യിൽ വാർഫിന്റെ പിൻഭാഗം നികത്തി എടുക്കേണ്ട പ്രവൃത്തി ഒഴിവാക്കിയെങ്കിലും ലേലപ്പുര നിർമ്മാണത്തിനുള്ള ഭൂമി നികത്തി എടുക്കേണ്ടതാണ് എന്ന് എച്ച്.ഇ.ഡി. മനസ്സിലാക്കി.

2 ശ്രീ. കെ മുഹമ്മദ് ഹാദി, എംപി കെ മൻസിൽ, തേത്രൂർ, ഇടയന്നൂർ പി.ഒ, കണ്ണൂർ ജില്ല.

സ്ഥലം നികത്തിയെടുക്കുന്നത് മതിപ്പുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ലാതിരുന്നതിനാൽ പണി തടസ്സപ്പെടുകയുണ്ടായി.

നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുവേണ്ടി ₹60.77 ലക്ഷത്തിന് 500 മീറ്റർ വ്യാസാർദ്ധ ദൂരത്തിൽ നിന്ന് നൗകാശയത്തിൽ നിന്ന് മണൽ ഡ്രെഡ്ജ് ചെയ്ത് കരയാക്കി മാറ്റുന്നതിനുള്ള മറ്റൊരു കരാർ പണി മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നിബന്ധനയിന്മേൽ എസ്. ഇ. ഇതേ കരാറുകാരന് അനുവദിച്ചു (ജനുവരി 2011) നൽകുകയും എന്നാൽ 500 മീറ്ററിനുള്ളിൽ നൗകാശയത്തിൽ മണൽ ലഭ്യമല്ലാതിരുന്നതിനാൽ കരാറുകാരൻ മറ്റ് സ്രോതസ്സുകളിൽ നിന്ന് മണൽ കൊണ്ടുവന്നത് വീണ്ടും മതിപ്പുകളുടെ പരിഷ്കരണത്തിനിടയാക്കി. തൽഫലമായി, സ്ഥലം നികത്തിയെടുത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്ന ജോലികൾക്ക് ഇപ്പോഴും കാലതാമസമുണ്ടാകുന്നു. ആദ്യത്തെ മതിപ്പുതുകയായ ₹3.14 കോടി, ₹5.27 കോടിയായി പരിഷ്കരിച്ചത് ₹1.48 കോടിയുടെ അധിക ചെലവിനിടയാക്കി. (സെപ്റ്റംബർ 2014). തെറ്റായി നിരക്ക് പരിഷ്കരിച്ചതുമൂലം കരാറുകാരന് അനർഹമായ നേട്ടം നൽകിയ സന്ദർഭം ഖണ്ഡിക 3.6.6.6-ൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു.

## (vi) കാപ്പിൽ തീരത്തിന്റെ സൗന്ദര്യവൽക്കരണ പണികൾ

₹54.56 ലക്ഷം ചെലവിൽ തിരുവനന്തപുരം എച്ച്.ഇ. ഡിവിഷനിലെ കാപ്പിൽ ബീച്ചിന്റെ സൗന്ദര്യവൽക്കരണ പണികൾ ജി.ഒ.കെ. അനുവദിച്ചു (മേയ് 2010). പ്രസ്തുത പണി 2011 നവംബറിൽ ആരംഭിച്ചുവെങ്കിലും 32 ശതമാനം പണി മാത്രമേ പൂർത്തിയാക്കപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ. വിനോദ സഞ്ചാര വകുപ്പിന്റെ ശില്പി നിശ്ചയിച്ചിരുന്ന തറനിരപ്പ് കായലിലെ ഏറ്റവും ഉയർന്ന വെള്ളപ്പൊക്ക നിരപ്പിനേക്കാൾ താഴെയായി നിശ്ചയിച്ചിരുന്നത് മറ്റ് ചോദ്യങ്ങളൊന്നും കൂടാതെ തന്നെ ഈ കാര്യങ്ങളെക്കുറിച്ച് ബോധ്യമുണ്ടായിരിക്കേണ്ട എച്ച്.ഇ.ഡി അനുവദിച്ചുനൽകി. അതിനാൽ മതിപ്പിന്റെ പരിഷ്കരണവും തൽഫലമായുണ്ടായ കാലതാമസവും മൂലം കരാറുകാരൻ ഉയർന്ന നിരക്ക് ആവശ്യപ്പെട്ടു. ഈ കാരണങ്ങളാൽ, 2012 ആഗസ്റ്റിൽ പണിനിർത്തിവയ്ക്കപ്പെട്ടു. എച്ച്.എഫ്.എൽ. തറനിരപ്പിനേക്കാൾ ഉയരത്തിലായിരുന്നു എന്ന വസ്തുത നിരീക്ഷണ, അന്വേഷണ ഗവേഷണങ്ങളിൽ കൂടി എച്ച്.ഇ.ഡി. തിരിച്ചറിയാതിരുന്നതിന്റെ ഫലമായി ₹ 17.68 ലക്ഷം ചെലവാകുകയും പണികൾ പൂർത്തീകരിക്കാതെ അവശേഷിക്കുകയും ചെയ്തു (മാർച്ച് 2015).

[സി&എജി-യുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.4, 3.6.4.1 എന്നീ ഓഡിറ്റ് ഖണ്ഡികകൾ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

18. മുതലപ്പൊഴി ഹാർബർ നിർമ്മാണ വേളയിൽ വളരെ കൂടുതലായി എക്കൽ മണ്ണ് അടിഞ്ഞുകൂടിയത് എങ്ങനെയാണെന്ന സമിതിയുടെ ചോദ്യത്തിന് സാധാരണഗതിയിൽ നാല് മീറ്റർ വരെ ആഴത്തിലാണ് കടൽഭിത്തി ദീർഘിപ്പിക്കുന്നതെന്നും അതുവരെയാണ് എക്കൽമണ്ണ് അടിഞ്ഞുകൂടുന്നതെന്നും എത്രത്തോളം എക്കൽമണ്ണ് അടിഞ്ഞ് കൂടുമെന്നത് ശാസ്ത്രീയമായി കണ്ടുപിടിക്കാൻ സാധിക്കില്ലെന്നും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു. മാതൃകാ പഠന റിപ്പോർട്ട് പ്രകാരമാണ് കടൽഭിത്തി നിർമ്മിച്ചിട്ടുള്ളതെന്നും, കടൽഭിത്തി നിർമ്മിച്ചതിനാൽ അടിഞ്ഞുകൂടുന്ന എക്കൽമണ്ണിനെ നീക്കംചെയ്യാനായി നിരന്തര ഡ്രെഡ്ജിംഗ് ആവശ്യമാണെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

19. പൊന്നാനി, മുതലപ്പൊഴി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന് വകുപ്പ് ശരിയായ രീതിയിൽ പ്രാഥമിക ഗവേഷണം നടത്തിയില്ലായിരുന്നുവെന്ന് സമിതി വിലയിരുത്തി.

20. തലായി ഫിഷിംഗ് ഹാർബറിലെ വാർഫിന്റേയും, ലേലപ്പുരയുടേയും നിർമ്മാണത്തിനുമുമ്പായി സ്ഥലത്തെക്കുറിച്ചുള്ള നിരീക്ഷണ പരിശോധനയും ഗവേഷണ അന്വേഷണവും നടത്തിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വകുപ്പിനോട് വിശദീകരണം ആരാഞ്ഞു. വകുപ്പ് പ്രാഥമിക ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നുവെന്നും, ലേലപ്പുര നിർമ്മാണത്തിനുള്ള ഭൂമി നികത്തുന്നതിനായി സൈഡിലുള്ള ബീച്ചിൽ നിന്നും മണ്ണെടുക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും, എന്നാൽ തദ്ദേശവാസികളുടെ എതിർപ്പ്മൂലം അതിന് കഴിഞ്ഞില്ലെന്നും അതുകൊണ്ടാണ് അധിക ഇനമായി ചെയ്യേണ്ടിവന്നതെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയിൽ വ്യക്തമാക്കി.

21. കടൽക്കരയിലെ നിർമ്മാണത്തെക്കുറിച്ചും, അതിന്റെ പാരിസ്ഥിതിക പ്രത്യാഘാതത്തെക്കുറിച്ചും വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 2016-ൽ വേൾഡ് ബാങ്കിന്റെ ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ച നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ്, ചെന്നൈ എന്ന ഓർഗനൈസേഷൻ മുഖേന ഇത്തരത്തിലുള്ള ഒരു പഠനം നടത്തി റിപ്പോർട്ട് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടെന്ന് തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

22. തലായി ഫിഷിംഗ് ഹാർബറിന്റേയും, ലേലപ്പുരയുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ടോ, നാളിതുവരെ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി എത്ര രൂപ ചെലവായി എന്നിവ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് അടിയന്തരമായി സമിതിയിൽ ലഭ്യമാക്കണമെന്ന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു

23. കാപ്പിൽ തീരത്തിന്റെ കാര്യത്തിൽ പ്രാഥമിക പഠനം മാത്രമല്ല സ്ഥലപരിശോധനപോലും നടത്തിയിട്ടില്ലായെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. കാപ്പിൽ തീരത്തിന്റെ സൗന്ദര്യവൽക്കരണ പണികളുടെ ചുമതല വിനോദസഞ്ചാര വകുപ്പിനായിരുന്നുവെന്നും വിനോദസഞ്ചാര വകുപ്പിന്റെ ആർക്കിടെക്ടാണ് ഇതിന്റെ പ്രൊപ്പോസൽ കൊടുത്തതെന്നും ടൂറിസം വകുപ്പിന് പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിനുശേഷം ഇതിന്റെ നടത്തിപ്പിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിയമിച്ചുവെന്നും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവേളയിൽ മത്സ്യത്തൊഴിലാളികളുടെ എതിർപ്പുമൂലം നിർദ്ദിഷ്ട സ്ഥലത്തുനിന്നും മാറ്റേണ്ടി വന്നുവെന്നും ആയതിനാലാണ് അധിക ഇനമായി ചെയ്യേണ്ടി വന്നതെന്നും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

24. വിനോദസഞ്ചാര വകുപ്പും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പും നിർദ്ദിഷ്ട പ്രവൃത്തിസ്ഥലം സന്ദർശിക്കാതെയാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെന്നും പ്രവൃത്തി ആരംഭിക്കുന്ന സമയത്താണ് കയ്യേറ്റത്തെക്കുറിച്ചുമനസ്സിലായതെന്നും സമിതി വിലയിരുത്തി

25. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിലെ എഞ്ചിനീയർമാർക്ക് സാങ്കേതിക വിദ്യയുടെ പുരോഗതിക്കനുസൃതമായ പരിശീലനം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി അത്തരത്തിലുള്ള പരിശീലന പരിപാടികൾ രണ്ട് വർഷം കൂടുമ്പോൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

26. സേവന രംഗത്തെ വൈദഗ്ധ്യത്തിന്റെ അഭാവം, പ്രാരംഭ പഠനങ്ങളുടെയും വിലയിരുത്തലിലേയും പോരായ്മ, അന്വേഷണ ഗവേഷണ രംഗത്തെ അപര്യാപ്തത എന്നിവ തലായി, പൊന്നാനി, മുതലപ്പൊഴി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടി. എച്ച്.ഇ.ഡി. ഇതുവരെ എത്ര ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്, അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കി, ഏതൊക്കെ ഇപ്പോൾ പ്രവർത്തനക്ഷമമാണ്, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവായ തുക എന്നീ വിവരങ്ങൾ അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

27. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിലെ എഞ്ചിനീയർമാർക്ക് നൂതന സാങ്കേതിക വിദ്യയ്ക്കനുസൃതമായ പരിശീലനം രണ്ട് വർഷം കൂടുമ്പോൾ സംഘടിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**മരാമത്ത് പണികൾ നടത്തുന്നതിലെ പൊരുത്തക്കേടുകൾ**

**ഭൂമിയുടെ ലഭ്യതക്കുറവ്**

(i) തീരദേശറോഡുപണികൾ

2009-2014 കാലയളവിൽ മത്സ്യബന്ധന പോർട്ട് വകുപ്പുകൾ ₹405.34 കോടി ചെലവു വരുന്ന 1592 തീരദേശ റോഡുപദ്ധതികൾ അനുവദിക്കുകയുണ്ടായി. പക്ഷെ, ₹5.40 കോടി വരുന്ന 19 പദ്ധതികൾ ഭൂമിയുടെ ലഭ്യതക്കുറവ് മൂലം ഉപേക്ഷിക്കേണ്ടതായി വന്നു.

(ii) നബാർഡ് സഹായത്തോടെയുള്ള പണികൾ

2010-11 -ൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൻ കീഴിൽ ₹12.53 കോടി വരുന്ന മൂന്ന് പാലങ്ങളുടെ നിർമ്മാണത്തിന് നബാർഡ് ധനസഹായം നൽകുകയും തുടർന്ന് ജി.ഒ.കെ. അനുമതി നൽകുകയും ചെയ്തു.

എറണാകുളം ജില്ലയിലെ കഞ്ചിത്തായ്-ചെട്ടിക്കാട് പാലം (നവംബർ 2010), കോട്ടുവള്ളിക്കാട്- വാവാക്കാട് പാലം (ഫെബ്രുവരി 2011) എന്നീ രണ്ട് പാലങ്ങളുടെ നിർമ്മാണത്തിനായി യഥാക്രമം ₹3.10 കോടിയും ₹1.93 കോടിയും ജി.ഒ.കെ. അനുവദിച്ചു. ഈ രണ്ട് പണികളുടെ ഭൂമി ലഭ്യതയില്ലായ്മ കാരണം ഉപേക്ഷിക്കപ്പെട്ടതായി ഓഡിറ്റിൽ കാണപ്പെട്ടു.

(iii) എഫ്എച്ച്, എഫ്എൽസിയും വാർഫ് പണികളും

തടസ്സരഹിത ഭൂമിയുടെ ലഭ്യത ശരിയായ അന്വേഷണ ഗവേഷണത്തിന്റെ അഭാവംമൂലം മനസ്സിലാക്കുവാൻ കഴിയാതിരുന്നത് താഴെപ്പറയുന്ന കേസ്സുകളിൽ മരാമത്ത് പണികൾ നിർത്തിവയ്ക്കുന്നതിനും അഥവാ കാലതാമസം ഉണ്ടാക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു.

- ₹18.52 ലക്ഷം രൂപ ചെലവിൽ കൊല്ലം എച്ച്.ഇ.-ഡിവിഷനിലെ കടപ്ര എഫ്.എൽ.സി നിർമ്മാണത്തിന് സർക്കാർ (ജൂലൈ 1999) അനുമതി നൽകി. ഫിഷ് സ്റ്റാളിന്റെയും, ലോക്കർ മുറിയുടെയും മത്സ്യക്കടവിലേക്കുള്ള സമീപ റോഡുകളുടെയും പണികൾ പൂർത്തീകരിച്ചുവെങ്കിലും എഫ്.എൽ.സി - യിലേക്കുള്ള ചാനലിന്റെ ആഴം കൂട്ടുന്ന ജോലി, ഈ പണികൾ പുറമ്പോക്ക് ഭൂമിയിലാണ് ചെയ്യുന്നതെന്നും ആ ഭൂമി എച്ച്.ഇ.ഡി-ക്ക് കൈമാറിയിട്ടില്ല എന്നുള്ള റവന്യൂ അധികാരികളുടെ തടസ്സവാദത്തെ തുടർന്ന് നിർത്തിവയ്ക്കപ്പെട്ടു. ഇതിലേക്ക് നാളിതുവരെ ₹ 7 ലക്ഷം ചെലവായി. ബാക്കി നിൽക്കുന്ന പണികളുടെ മതിപ്പുതുക (സെപ്റ്റംബർ 2011) ₹ 22 ലക്ഷമാണ്.

• ₹49.25 ലക്ഷം ചെലവിൽ കോഴിക്കോട് എച്ച് ഇ ഡിവിഷനിലെ തിക്കൊടി എഫ്.എൽ.സി നിർമ്മിക്കുന്നതിന് സർക്കാർ (ജൂലൈ 1999) അനുമതി നൽകി. നിർമ്മാണ പ്രവർത്തിയിലെ ഒരു ഘടകമായ തീരപ്രദേശത്ത് നിർമ്മിക്കേണ്ട ഗ്രോയിനുകളുടെ[3] നിർമ്മാണം ₹38.09 ലക്ഷം ചെലവുചെയ്ത് പൂർത്തീകരിച്ചു. അവശേഷിക്കുന്ന ജോലികൾക്ക് തടസ്സരഹിതമായ ഭൂമി ലഭ്യമായിരുന്നില്ല. പിന്നീട്, 2004 ജൂൺ മാസത്തിൽ ഭൂമി ലഭ്യമാവുകയും അധിക ടെന്ററും, എസ്.ആർ.ഒ.ആറിന്റെ പരിഷ്കരണവും കാരണം ₹5.01 ലക്ഷം ചെലവുചെയ്ത് എഫ്.എൽ.സി-യുടെ സമീപ റോഡ്, അകത്തുകൂടെയുള്ള റോഡ്, പാർക്കിംഗ് സ്ഥലം, ചുറ്റുമതിൽ മുതലായവ ഭാഗികമായി പൂർത്തിയാക്കി. ലേലപ്പുരയുടെ നിർമ്മാണമുൾപ്പെടെ ബാക്കിവരുന്ന പണികൾക്ക് ₹40.65 ലക്ഷത്തിന്റെ മതിപ്പുകൾ തയ്യാറാക്കി സർക്കാരിന് (സെപ്റ്റംബർ 2012) സമർപ്പിച്ചു.

• ₹ 2 കോടി ചെലവിൽ മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ അഴീക്കോട് എഫ്എച്ചിൽ വാർഫ്, ലേലപ്പുര, സംരക്ഷണ ഭിത്തി ഇവ നിർമ്മിക്കുന്നതിന് ജി.ഒ.കെ. (സെപ്റ്റംബർ 2007) അനുമതി നൽകി. ഈ പണി 2008 ഡിസംബറിൽ അവാർഡ് ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു ഭാഗം ജി.ഒ.കെ. മെസ്സേഴ്സ് സൗരാഷ്ട്രാ സിമെന്റ്സിന് പതിച്ചുനൽകിയ ഭൂമിയിലായിരുന്നു. നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കെ കമ്പനിക്ക് പതിച്ചുനൽകിയ സ്ഥലത്തുകൂടി പണി മുന്നോട്ടുകൊണ്ടുപോകുന്നതിനെതിരെ കമ്പനി സ്റ്റേ ഉത്തരവ് നേടി. പ്രസ്തുത പണി തുടങ്ങുന്ന അവസരത്തിൽ തടസ്സരഹിത ഭൂമി ലഭ്യമായിരുന്നില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തി. മരാമത്തുപണി നിശ്ചലാവസ്ഥയിലാണ് (ജനുവരി 2015) ₹1.24 കോടിയാണ് ഇതുവരെയുള്ള ചെലവ്.

## ഫലപ്രദമല്ലാത്ത ആസൂത്രണ രീതിയും മരാമത്ത് പണിയുടെ നടത്തിപ്പും

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അവസരത്തിൽ പണിസ്ഥലത്തിന്റെ കാലാവസ്ഥ, പണിസ്ഥലത്തുതന്നെ ലഭ്യമാക്കുന്ന നിർമ്മാണ വസ്തുക്കൾ എന്നീ വസ്തുതകൾ ശ്രദ്ധയിൽ വയ്ക്കേണ്ടവയാണ്.

താഴെ സൂചിപ്പിക്കുന്ന പണികളിൽ, ഒഴിവാക്കാവുന്ന ഇനങ്ങൾ മതിപ്പുതുകകളിൽ ചേർത്ത് വകുപ്പ് അനുമതി നൽകിയത് കാരണം മഴക്കാലം, വേലിയേറ്റ വേലിയിറക്ക പ്രതിഭാസങ്ങൾ തുടങ്ങിയവ അവഗണിക്കപ്പെടുകയും ₹44.44 ലക്ഷത്തിന്റെ അധിക ചെലവ് ഉണ്ടായതായും ഓഡിറ്റിൽ നിരീക്ഷിക്കപ്പെട്ടു.

• ₹10 കോടി രൂപ ചെലവിൽ ചാത്തനാട്-ചെറായി കൃഷിഫാമിന്റെ പുറം ബണ്ടിന്റെ നിർമ്മാണം അനുവദിച്ചു (ജൂലൈ 2010). ബണ്ടിന്റെ സ്ലൂക്ചർ നിർമ്മാണത്തിന് ഒരു മീറ്റർ ഉപരിഭാഗ വീതിയിൽ 8500 മീറ്റർ നീളത്തിൽ ഒരു റിംഗ് ബണ്ട് ഒരു മീറ്ററിന് ₹1056.64 നിരക്കിൽ ഉടമ്പടി പട്ടികയിൽ ഉൾക്കൊള്ളിക്കുകയുണ്ടായി.

---

3 ഒഴുക്കിനൊത്തുള്ള മണൽ നീക്കം തടയുന്നതിനായി കടപ്പുറത്ത് നിർമ്മിച്ചിട്ടുള്ള ദൃഢമായതോ പൊക്കം കുറഞ്ഞതോ ആയ വേലി.

• വലിയ കഷണം കരിങ്കല്ല് പുഴയുടെ അടിത്തട്ടിൽ നിക്ഷേപിച്ചശേഷം അതിനു മുകളിൽ ഡി.ആർ. മേസണറി ജലനിരപ്പ് ഏറ്റവും കുറഞ്ഞ അവസരത്തിൽ ചെയ്യുന്നതാകയാൽ പ്രസ്തുത പണിയിനം പുതുതായി ചേർക്കേണ്ട ആവശ്യമില്ലായിരുന്നു. അങ്ങനെ റിംഗ് ബണ്ട് ഉണ്ടാക്കുക എന്ന പണിയിനം ഒട്ടും തന്നെ ആവശ്യമുള്ള ഒന്നായിരുന്നില്ല. ഇത് ₹35.34 ലക്ഷത്തിന്റെ ഒഴിവാക്കാവുന്ന ചെലവിനിടയായി.

• ₹ 26.70 കോടി ചെലവിൽ താനൂരിലെ ഓട്ടുമ്പുറത്തിനും മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ കെട്ടുങ്ങൽക്കടവിനുമിടയിൽ പാലം പണിയുന്നതിന് അനുമതി ലഭിച്ചു (ജനുവരി 2012). ഈ പണിയിൽ കരയോട് ചേർന്ന് രണ്ട് പിയറുകൾ പോണ്ടൂൺ ഉപയോഗപ്പെടുത്തിയാണ് നിർമ്മിച്ചത് എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു വേനൽക്കാലത്ത് പൊഴി അടയുമെന്നതിനാലും പൈൽ ചെയ്യേണ്ട സ്ഥലം കരയോടുചേർന്ന ഭാഗമായതിനാലും മണ്ണുകൊണ്ടു നിർമ്മിക്കാവുന്ന ബണ്ട് ഈ പണിക്ക് മതിയാകുമായിരുന്നു. ഈ പണിയിലെ ഒഴിവാക്കാവുന്ന ചെലവ് ₹9.10 ലക്ഷമായിരുന്നു.

[സി&എജി-യുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.4.2, 3.6.4.3 എന്നീ ഓഡിറ്റ് ഖണ്ഡികകൾ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

28. 2010-ൽ സർക്കാരിൽ നിന്നും നിർമ്മാണാനുമതി ലഭിച്ച ചാത്തനാട്-ചെറായി കൃഷിഫാമിന്റെ പുറംബണ്ട് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും പണി പൂർത്തിയാക്കാത്ത കരാറുകാരന് കരാർ കാലാവധി നീട്ടി നൽകിയതു സംബന്ധിച്ചും സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രദേശത്ത് നിർമ്മാണ വസ്തുക്കൾ പൂർണ്ണമായും ബോട്ടിലൂടെ മാത്രമേ എത്തിക്കാൻ സാധിക്കുകയുള്ളൂ എന്നും അതിനാൽ യഥാസമയം പണി പൂർത്തിയാക്കാത്ത കരാറുകാരനെ മാറ്റിയാലും ബാക്കി പണി ഏറ്റെടുക്കാൻ മറ്റ് കരാറുകാർ ആരും തയ്യാറാകാത്ത സാഹചര്യത്തിലാണ് കാലാവധി നീട്ടി നൽകിയതെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു. നിർദ്ദിഷ്ട സ്ഥലം സന്ദർശനം നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കൊണ്ടാണ് നിർമ്മാണ പ്രവർത്തനം തുടങ്ങുമ്പോൾ അധികചെലവ് വരുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ചാത്തനാട് - ചേറായി കൃഷി ഫാമിന്റെ പുറംബണ്ട് നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

29. ഓഡിറ്റ് ഖണ്ഡിക 3.6.4.2, 3.6.4.3 എന്നിവ പരിഗണിച്ച സമിതി, മരാമത്ത് പണിയുടെ നടത്തിപ്പിലും, ആസൂത്രണത്തിലുമുള്ള പാളിച്ചകൾമൂലം തീർപ്പാകാതെ പോകുന്ന

മരാമത്ത് പണികളുടെ ലിസ്റ്റ് വർഷംതോറും വർദ്ധിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെടുകയും തീർപ്പാക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

30. ചാത്തനാട്- ചേറായി കൃഷി ഫാമിന്റെ പുറം ബണ്ട് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

31. മരാമത്ത് പണിയുടെ നടത്തിപ്പിലും, ആസൂത്രണത്തിലുമുള്ള പാളിച്ചകൾ മൂലം തീർപ്പാകാതെ പോകുന്ന മരാമത്ത് പണികളുടെ ലിസ്റ്റ് വർഷം തോറും വർദ്ധിക്കുന്നുണ്ടെന്ന് വിലയിരുത്തിയ സമിതി, തീർപ്പാക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**മത്സ്യബന്ധന സമുദായത്തിനു വേണ്ടി ചെയ്ത കാര്യക്ഷമമല്ലാത്ത അനുബന്ധ പണികൾ**

പ്രതീക്ഷിക്കപ്പെടുന്ന ഫലം ലഭിക്കുന്നതിനായി ഒരു പ്രോജക്ടിലെ എല്ലാ ഘടകങ്ങളും യഥാസമയം തന്നെ നടപ്പിലാക്കേണ്ടതാണ്. താഴെപ്പറയുന്ന അനുബന്ധ നിർമ്മാണ ജോലികളിൽ കൃത്യമായ കാര്യനിർവ്വഹണം യഥാസമയം നടത്താതിരുന്നതുമൂലം പ്രതീക്ഷിച്ചിരുന്ന ഉദ്ദേശ്യം നേടുവാനായില്ല എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു

- ₹ 19.49 ലക്ഷം രൂപ ചെലവിൽ എച്ച്.ഇ. ഡിവിഷൻ കൊല്ലത്തിനു കീഴിൽ വരുന്ന കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണത്തിന് സർക്കാർ അനുമതി നൽകി (ഒക്ടോബർ 2002). ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ ₹ 4.30 ലക്ഷം ചെലവാക്കിയ ശേഷം 12 വർഷവും കഴിഞ്ഞുവെങ്കിലും പദ്ധതി പൂർത്തീകരിക്കുവാനായില്ല

- ₹ 24.23 ലക്ഷം ചെലവിൽ തോട്ടപ്പള്ളി ഫിഷറീസ് ഡിസ്പെൻസറിയിൽ 10 കിടക്കകളുള്ള ഒരു വാർഡിന്റെ നിർമ്മാണ ജോലി എച്ച്.ഇ.ഡി. മെസ്സേഴ്സ് നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചു (ഓഗസ്റ്റ് 2007). മണൽ ദൗർലഭ്യവും തൊഴിൽ പ്രശ്നങ്ങളും കാരണം 2010 ഓഗസ്റ്റിൽ ₹10.79 ലക്ഷം ചെലവാക്കി 49 ശതമാനം പണി മാത്രം പൂർത്തിയാക്കിയ ശേഷം പണി നിർത്തിവച്ചു. പ്രസ്തുത പണി 2012 ഡിസംബറിൽ അവസാനിപ്പിച്ചതായും ബാക്കി ജോലികൾ വീണ്ടും 2013 നവംബറിൽ അവാർഡു ചെയ്തത് പുരോഗമിക്കുകയായിരുന്നു (ഡിസംബർ 2014) എന്നും ഓഡിറ്റിൽ കണ്ടെത്തി.

• ₹60 ലക്ഷം ചെലവിൽ പതിയങ്കര എഫ്.എൽ.സി. നിർമ്മാണം എച്ച്.ഇ.ഡി. പൂർത്തിയാക്കി പദ്ധതിയുടെ ഭാഗമായി പ്രതിദിനം 10 ടൺ ശേഷിയുള്ള കോൾഡ് സ്റ്റോറേജ് എത്തിച്ചുകൊടുക്കുകയും അത് സ്ഥാപിച്ച നൽകേണ്ടതുമായിരുന്നു ഒരു വർഷത്തെ ഗ്യാരണ്ടിയുള്ള കോൾഡ് സ്റ്റോറേജ് യാന്ത്രികമായി ഘടിപ്പിക്കുന്ന ജോലി 2013 മേയ് മാസത്തിൽ ₹ ഏഴ് ലക്ഷം ചെലവാക്കി പൂർത്തീകരിച്ചുവെങ്കിലും ഇലക്ട്രിക് ജോലികൾ നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ (ഡിസംബർ 2014) പ്രതീക്ഷിക്കപ്പെട്ട ഉദ്ദേശ്യം നേടുവാൻ സാധിച്ചില്ല. നിർമ്മാണ പ്രവർത്തനങ്ങളിലെ ഭൂരിഭാഗം കാലതാമസങ്ങളും എച്ച്.ഇ.ഡി.-യുടെ മേൽനോട്ടമുണ്ടായിരുന്നെങ്കിൽ ഒഴിവാക്കാവുന്നവയായിരുന്നു.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.4.4 എന്നീ ഓഡിറ്റ് ഖണ്ഡിക.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

32. ഖണ്ഡിക 3.6.4.4-ലെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി വിശദീകരണം ആരാഞ്ഞതിന് തീരപ്രദേശത്തെ ജലവിതരണവും, സാനിറ്റേഷനും മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 'തീരസമൃദ്ധി' എന്ന പ്രോജക്ടിന്റെ ഭാഗമായാണ് കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിൽ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയതെന്നും ഓവർഹെഡ് ടാങ്ക് നിർമ്മിക്കാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചെന്നും, കുഴൽകിണർ നിർമ്മിക്കാൻ ചെലവായ തുക കിഴിച്ച് ബാക്കി തുക സറണ്ടർ ചെയ്യുന്നതിന് നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത തുക തിരിച്ചടച്ചിട്ടുണ്ടെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയിൽ വിശദീകരിച്ചു.

33. പ്രസ്തുത പദ്ധതി തുക മറ്റേതെങ്കിലും പദ്ധതിക്കുവേണ്ടി ചെലവഴിക്കാൻ സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന്, 'തീരസമൃദ്ധി' എന്ന പദ്ധതിക്കു വേണ്ടി അനുവദിച്ച തുകയായതിനാൽ മറ്റൊരു പദ്ധതിക്കു വേണ്ടി വിനിയോഗിക്കാൻ കഴിയില്ലെന്നും, ഇതേ പദ്ധതിക്കു വേണ്ടി തന്നെ വിഴിഞ്ഞം ഡിവിഷനിലേക്ക് തുക കൈമാറിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ മറുപടി നൽകി.

34. അറുപത് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പതിയങ്കര ഫിഷ് ലാന്റിംഗ് സെന്ററും, കോൾഡ് സ്റ്റോറേജും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കെട്ടിടത്തിന് നമ്പർ ലഭിക്കാത്ത പ്രശ്നമുണ്ടെന്നും, തുറമുഖത്തിനകത്തുള്ള കോൾഡ് സ്റ്റോറേജ് ഒന്നോ രണ്ടോ വർഷത്തേക്ക് മാത്രമേ കരാർ അടിസ്ഥാനത്തിൽ മൂന്നാമതൊരാൾക്ക് നൽകാൻ കഴിയുള്ളുവെന്നും, നാളിതുവരെ ആരും ലേലത്തിന് എടുത്തിട്ടില്ലായെന്നും സംയോജിത വിപണനത്തിന്റെ ഭാഗമായി മത്സ്യഫെഡ് വഴി

മാത്രമേ പ്രവർത്തന സജ്ജമാക്കാൻ കഴിയുകയുള്ളുവെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു.

35. അറുപത് ലക്ഷം രൂപ ചെലവാക്കി ഫിഷ് ലാന്റിംഗ് സെന്ററും കോൾഡ് സ്റ്റോറേജും നിർമ്മിച്ചുവെങ്കിലും ഇലക്ട്രിക് വർക്കുകൾ നടത്താതെ അത് ഉപയോഗ യോഗ്യമാക്കാൻ കഴിഞ്ഞില്ലെന്ന് നിരീക്ഷിച്ച സമിതി ഇപ്രകാരം വൻതുകകൾ ചെലവാക്കിയ നിർമ്മാണങ്ങൾ ഉപയോഗരഹിതമായി മാറിയതിൽ അതൃപ്തി രേഖപ്പെടുത്തി. പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെട്ടു

## നിഗമനങ്ങൾ/ശിപാർശകൾ

36. അറുപത് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പതിയാങ്കര ഫിഷ്ലാന്റിംഗ് സെന്ററും, കോൾഡ് സ്റ്റോറേജും നാളിതുവരെ പ്രവർത്തനക്ഷമമാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ഫിഷ്ലാന്റിംഗ് സെന്ററും, കോൾഡ് സ്റ്റോറേജും സംയോജിത വിപണനത്തിന്റെ ഭാഗമായി മത്സ്യഫെഡ് വഴി പ്രവർത്തന സജ്ജമാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് വിവരം സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സാമ്പത്തിക ആസൂത്രണം- ബജറ്റ് രീതിയും കണക്ക സൂക്ഷിപ്പും.**

എച്ച്.ഇ.ഡി. സേവനം നൽകേണ്ട വകുപ്പുകളുടെ ദീർഘകാല പദ്ധതികളുമായി ചേർന്നു പോകുന്ന തരത്തിൽ എച്ച്.ഇ.ഡി. പദ്ധതി തയ്യാറാക്കുകയും അത് ഏറ്റെടുത്തു നടത്തുന്നതിനുള്ള ബഡ്ജറ്റ് തുക ആവശ്യപ്പെടുകയും ചെയ്തിരുന്നില്ല. എച്ച്.ഇ.ഡി. വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്കായി അഡ്ഹോക്ക് അടിസ്ഥാനത്തിൽ ബജറ്റ് ലക്ഷ്യമിട്ട് വാർഷിക പദ്ധതി തയ്യാറാക്കിയിരുന്നത് ഒരു തരത്തിൽ ആസൂത്രണം ചെയ്യാത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനും, മറ്റൊരു തരത്തിൽ ആസൂത്രണം ചെയ്ത പ്രവൃത്തികൾ ഫണ്ടിന്റെ അഭാവത്താൽ തടസ്സപ്പെടുത്തുന്നതിനും കാരണമായി. കൂടാതെ, വാർഷിക പദ്ധതികൾ എഫ്.എൽ.സി.-യുടെയും എഫ്.എച്ച്.-ന്റെയും അറ്റകുറ്റപ്പണികൾക്കും മെച്ചപ്പെടുത്തലിനും ഒരു തുകയും വകകൊള്ളിച്ചിരുന്നില്ല.

പി.ഡബ്ല്യു.ഡി.-യ്ക്ക് മൂലധന റവന്യൂ ചെലവുകൾ കണക്കെഴുതുന്നതിനുള്ള പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് (എച്ച്.ഒ.എ.)3054-ഉം 5054-ഉം ഉള്ളതുപോലെ എച്ച്.ഇ.ഡി-ക്ക് പ്രത്യേക എച്ച്.ഒ.എ. നിലവിലില്ലായിരുന്നു. എച്ച്.ഇ.ഡി. ഫിഷറീസിന്റെയും (2405) പോർട്ടിന്റെയും (3051) എച്ച്.ഒ.എ. ഉപയോഗപ്പെടുത്തുന്നു. പൊതുവായ എച്ച്.ഒ.എ. പ്രവർത്തനങ്ങൾ വകതിരിഞ്ഞ് കണ്ടുപിടിക്കുന്നതിനും അവയുടെ മേൽനോട്ടത്തിനും തടസ്സമാകുന്നു. ഉദാഹരണമായി, മത്സ്യബന്ധന തുറമുഖങ്ങളുടെ സുഗമമായ

പ്രവർത്തനത്തിന് കാലാകാലങ്ങളിൽ എക്കൽ നീക്കം ചെയ്യേണ്ടതും അറ്റകുറ്റപ്പണികൾ തീർക്കേണ്ടതും അത്യാവശ്യമാണ്. പക്ഷേ, ഇതിലേക്ക് ബജറ്റിൽ തുക വകകൊള്ളിക്കുവാൻ പ്രത്യേക എച്ച്.ഒ.എ ഇല്ലാത്തതിനാൽ പ്രസ്തുത പണികൾക്ക് തുകയനുവദിച്ച് കിട്ടുന്നതിന് കാലതാമസം നേരിടുകയും തൽഫലമായി മരാമത്ത് പണികൾ യഥാസമയം തീർക്കുവാൻ കഴിയാതെ പോകുകയും ചെയ്യുന്നു. കൂടാതെ, എച്ച്.ഇ.ഡി.-യുടെ സ്വന്തം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും, സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും പ്രത്യേക അസ്തിത്വം നിലനിർത്താതെ പോർട്ടിന്റെ എച്ച്.ഒ.എ. ഉപയോഗിക്കുന്നതിനാൽ ശരിയായ ബജറ്റ് നിയന്ത്രണങ്ങൾ അസാധ്യമാകുന്നു. മോശമായ കണക്കു സൂക്ഷിപ്പിന്റെയും ബജറ്റ് ജോലികളുടെയും ആസൂത്രണങ്ങളുടെയും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

*(i) ബജറ്റ്*

- ബജറ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമല്ലാത്തതിനോടൊപ്പം, എച്ച്.ഇ.ഡി.-യിൽ ശരിയായ ചെലവ് നിയന്ത്രണ സംവിധാനത്തിന്റെ അഭാവവുമുണ്ട്. 2010-2011 കാലയളവിൽ, എച്ച്.ഇ.ഡി.-ക്ക് പണികളുടെ പദ്ധതിയിൻകീഴിൽ 'പോർട്ട് ' മിച്ചം വരവ് ₹7.54 കോടിയായിരിക്കെ എച്ച്.ഇ.ഡി. ₹7.79 കോടി തിരിച്ചടച്ചു. അതുപോലെ 2012-2013-ഉം 2013-2014-ഉം കാലയളവിൽ ഫിഷറീസ് ഹെഡ്ഡിൻ കീഴിൽ പണിയിനത്തിൽ മിച്ചം വരവ് ₹28.12 കോടിയും ₹ 14.55 കോടിയുമായിരിക്കെ എച്ച്.ഇ.ഡി. യഥാക്രമം ₹28.13 കോടിയും ₹14.81 കോടിയും തിരിച്ചടച്ചു.

- മുറിഞ്ഞപ്പുഴ എഫ്.എൽ.സി.-യുടെ നിർമ്മാണത്തിനായി 2011-12 കാലയളവിൽ തുക വകകൊള്ളിക്കാതിരുന്നതുമൂലം മരാമത്ത് പണി നിശ്ചിത തീയതിക്കുമുമ്പ് നിർത്തി വയ്ക്കേണ്ടിവന്നു.

*(i) കണക്ക് സൂക്ഷിപ്പ്*

- 2009-2014 കാലയളവിൽ, മരാമത്തുപണികളുടെ കണക്കുകൾ അതാതു പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തീർപ്പാക്കിയിരുന്നില്ല. കണക്കുകൾ തീർപ്പാക്കാതിരുന്ന സാഹചര്യത്തിൽ ഒരു പണിക്കു വേണ്ടി വന്ന യഥാർത്ഥ ചെലവുകളെക്കുറിച്ചോ, അനുവദിച്ച മൂല്യനിർണ്ണയത്തെക്കാൾ യഥാർത്ഥ ചെലവ് അധികരിച്ചുവെന്നോ ഉള്ള വിവരം വകുപ്പിന് നൽകുവാൻ സാധിക്കുന്നില്ലായിരുന്നു. കൂടാതെ കരാറുകാരുടെ കണക്കു പുസ്തകം കണ്ണൂർ എച്ച്.ഇ. ഡിവിഷനിലൊഴികെ മറ്റൊരിടത്തും തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. തൽഫലമായി കരാറുകാരുടെ യഥാർത്ഥ ബാദ്ധ്യത നിർണ്ണയാതീതമായിരുന്നു.

- എച്ച്.ഇ.ഡി. പൂർത്തീകരിച്ച രണ്ട്[4] മത്സ്യബന്ധന തുറമുഖ പദ്ധതികളിൽ യഥാർത്ഥ ചെലവ് അനുവദിച്ച മൂല്യനിർണ്ണയത്തെക്കാൾ വളരെയധികം അധികരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിൽ നാലു മുതൽ ആറു വർഷംവരെ കാലതാമസം നേരിടുകയും ചെയ്തു.

4 തോട്ടപ്പള്ളിയും പൊന്നാനിയും

കൃത്യസമയങ്ങളിലും ശരിയായ രീതിയിലും കണക്കുകൾ സൂക്ഷിച്ചിരുന്നുവെങ്കിൽ ബജറ്റുകളെ സംബന്ധിച്ചും നീക്കിവച്ച തുകകളെ സംബന്ധിച്ചുള്ള ശരിയായ മേൽനോട്ടം സാധ്യമായേനെ.

**മോശമായ കരാർ നിർവ്വഹണം**

ഫലവത്തായ രീതിയിലും അമിതവ്യയം കൂടാതെയും മരാമത്ത് പണി നടത്തുന്നതും കരാർ ജോലികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതുമായ പ്രക്രിയയാണ് മികച്ച കരാർ നിർവ്വഹണം. ഇവയിൽ മേൽനോട്ടവും, കരാറിന്റെ വ്യവസ്ഥകളും രീതികളും നടപ്പിൽ വരുത്തുന്നതും ഉൾപ്പെടുന്നു. എന്നിരുന്നാലും, എച്ച്.ഇ.ഡി. ഇവ കാര്യക്ഷമമായല്ല നടത്തിയതെന്നതിനാൽ അധിക ചെലവും നികുതി നിയമങ്ങളുടെ ലംഘനങ്ങളും നടന്നതായി ഓഡിറ്റിൽ നിരീക്ഷിക്കപ്പെട്ടത് താഴെ ചർച്ച ചെയ്യുന്നു.

**സേവന നികുതിയിനത്തിലെ ഒഴിവാക്കാവുന്ന പിഴ-₹77 ലക്ഷം**

1994-ലെ സേവന നികുതി ചട്ടങ്ങൾ പ്രകാരം സേവനം പ്രദാനം ചെയ്യുന്ന വിദേശ കമ്പനിക്ക് ഇന്ത്യയിൽ ഒരു കാര്യാലയമോ ബന്ധപ്പെടാനൊരു വ്യക്തിയോ ഇല്ലാത്തപക്ഷം സേവന നികുതി ബാധ്യത സേവനം ലഭിക്കുന്നയാളിനാണെന്ന് വ്യക്തമാക്കുന്നു. നൽകേണ്ട സേവന നികുതിയുടെ നിരക്ക് 10.30 ശതമാനം കോമ്പൗണ്ടിംഗ് രീതി തെരഞ്ഞെടുക്കുകയാണെങ്കിൽ അത് കരാർ മൂല്യത്തിന്റെ 4.12 ശതമാനവുമാണ്.

എസ്.ഇ., എച്ച്.ഇ.ഡി. സൗത്ത് സർക്കിൾ, തിരുവനന്തപുരം യുഎസ് $11,64,500 ചെലവിൽ 10 മാസത്തിനകം പൂർത്തീകരിക്കണം എന്ന നിബന്ധനയിന്മേൽ കോവളത്ത് "മൾട്ടി പർപ്പസ് സർഫിംഗ് റീഫ്" നിർമ്മിക്കുന്നതിന് ഒരു വിദേശ കമ്പനിക്ക്[5] മാർച്ച് 2008-ൽ കരാർ നൽകി. കരാർ നിബന്ധനകളിൽ അധികമായി അടയ്ക്കേണ്ട നിയമപരമായ നികുതികളും ചുമത്തലുകളുമായ സേവന നികുതി, വാറ്റ്, കെ.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്[6] മുതലായവയിലേക്ക് നൽകേണ്ട സംഭാവന ഉൾപ്പെടുന്നതും അത് അംഗീകരിക്കുകയും ചെയ്തിരുന്നു. എച്ച്.ഇ.ഡി. കോമ്പൗണ്ടിംഗ് നിരക്കിൽ നികുതിയടക്കുന്നതിന് സേവന നികുതി ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷനെടുക്കുകയോ നിലവിലുള്ള നിരക്കിൽ സേവന നികുതി അടയ്ക്കുകയോ ചെയ്തിരുന്നില്ല. 2009 മാർച്ച് മുതൽ 2010 മേയ് വരെ കരാറുകാരന്റെ ഏഴു ബില്ലുകളിലായി കമ്പനിക്ക് ₹7.43[7]കോടി നൽകുകയുണ്ടായി.

---

5 മെസ്സേഴ്സ് എഎസ്ആർ ലിമിറ്റഡ്, മറൈൻ കൺസൾട്ടന്റ് ആന്റ് റിസർച്ച്, 1 വൈന്യയി റോഡ്, പിഒ ബോക്സ് നമ്പർ 67, റഗ്ലൻ, ന്യൂസിലാന്റ്.

6 കേരള കൺസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫെയർ ഫണ്ട്

7 ബിൽത്തുക-₹7,43,41,009; സേവന നികുതി-₹74,34,102; വിദ്യാഭ്യാസ സെസ്സ്- ₹1,48,681 ഉന്നത വിദ്യാഭ്യാസ സെസ്സ്-₹74,340 മൊത്തം സേവന നികുതി-₹76,57,124

കേന്ദ്ര എക്സൈസ് വകുപ്പിന്റെ നോട്ടീസ് (ജൂലൈ 2010) പ്രകാരം എച്ച്.ഇ.ഡി. കരാർ തുകയുടെ 4.12 ശതമാനം കോമ്പൗണ്ട് നിരക്ക് എന്ന നിലയിൽ സേവന നികുതിയായി ₹28.57[8] ലക്ഷം അടയ്ക്കുകയുണ്ടായി (ഓഗസ്റ്റ് 2011). എച്ച്.ഇ.ഡി. കോമ്പൗണ്ടിംഗ് രീതിയിൽ നികുതിയടയ്ക്കുന്നതിന് മുൻകൂർ അനുമതി നേടിയില്ലാതിരുന്നതിനാൽ സാധാരണയായി നിലവിലുള്ള നിരക്കിൽ നികുതി നൽകേണ്ടതായിരുന്നു. അതനുസരിച്ച്, സേവനനികുതിയും പലിശയുമടക്കം ₹76.57 ലക്ഷം അടയ്ക്കേണ്ടതായുണ്ടായിരുന്നു. മനഃപൂർവ്വമായി സേവനനികുതി അടയ്ക്കാതിരുന്നതിന് അടയ്ക്കേണ്ട തുകയുടെ തുല്യതുകയായ ₹76.57 ലക്ഷം സെൻട്രൽ എക്സൈസ് കമ്മീഷണർ പിഴയും ചുമത്തി (ഫെബ്രുവരി 2014). കൂടാതെ 30 ദിവസത്തിനുള്ളിൽ (7 മേയ് 2014), തുക അടയ്ക്കുന്ന പക്ഷം പിഴത്തുകയുടെ 25 ശതമാനം മാത്രം അടയ്ക്കുവാനും അല്ലാത്തപക്ഷം എച്ച്.ഇ.ഡി. ₹76.57 ലക്ഷം അടയ്ക്കുവാൻ ബാധ്യതയുണ്ടായിരിക്കുമെന്നും വ്യക്തമാക്കി. അങ്ങനെ സേവന നികുതി നിയമങ്ങൾ പാലിക്കപ്പെടുന്നതിലെ പരാജയത്തിന്റെ ഫലമായി താഴെപ്പറയുന്ന അപാകതകൾ ഉണ്ടായി.

- വിദേശകമ്പനിയുമായി ഉടമ്പടി ഉണ്ടാക്കുന്ന അവസരത്തിൽ നിയമോപദേശം തേടാത്തതിനാൽ 4.12 ശതമാനം കോമ്പൗണ്ടിംഗ് നിരക്കിൽ ₹28.57 ലക്ഷം നികുതി അടയ്ക്കുന്നതിനുപകരമായി 10.30 ശതമാനം നികുതിയായ ₹76.57 ലക്ഷം അടയ്ക്കേണ്ട ബാധ്യതയുണ്ടായി.

- ബാക്കി സേവന നികുതിയായ ₹48 ലക്ഷം പലിശയോടൊപ്പം നൽകാതിരുന്നതിനാൽ ₹57.43 ലക്ഷം പിഴയിളവ് നഷ്ടമാകുവാനിടയായി.

- സേവന നികുതി അടയ്ക്കാത്ത കാരണത്താൽ ₹76.57 ലക്ഷം എച്ച്.ഇ.ഡി. പിഴയായി അടയ്ക്കേണ്ട ബാധ്യതയുണ്ടായി.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.5, 3.6.6, 3.6.6.1 എന്നീ ഓഡിറ്റ് ഖണ്ഡികകൾ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

37. ഓഡിറ്റ് ഖണ്ഡിക 3.6.6.1 പരിഗണിച്ച സമിതി സേവന നികുതിയിനത്തിൽ കേന്ദ്ര എക്സൈസ് കമ്മീഷണർ പിഴയായി ചുമത്തിയ ₹77 ലക്ഷം വകുപ്പിന് ഒഴിവാക്കാമായിരുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിനോട് വിശദീകരണം ആരാഞ്ഞതിനു മറുപടിയായി വകുപ്പിന്റെ കണക്കുകൾ സൂക്ഷിക്കുന്നത് ശരിയായ രീതിയിലല്ലെന്നും കോമ്പൗണ്ടിംഗ് നിരക്കിൽ നികുതിയടക്കുന്നതിനുള്ള

---

8 ബിൽത്തുക-യുഎസ് $15,52,670x4.12 ശതമാനം =യുഎസ്$63,970 എന്നത് ₹28,57,060 (ഒരു യുഎസ് ഡോളറിന് ₹44.6625 വിനിമയ നിരക്കിൽ).

രജിസ്ട്രേഷൻ എടുക്കുകയും നിലവിലുള്ള നിരക്കിൽ സേവനനികുതി അടയ്ക്കുകയും ചെയ്തിരുന്നില്ലെന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചപ്പോൾ തന്നെ നികുതി അടച്ചിരുന്നുവെങ്കിലും, കോമ്പൗണ്ടിംഗ് രീതിയിൽ നികുതി അടയ്ക്കുന്നതിന് മുൻകൂർ അനുമതി നേടാത്തതിനാലാണ് ഇത്രയും തുക പിഴയായി അടയ്ക്കേണ്ട ബാധ്യത വകുപ്പിനുണ്ടായതെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

## നിഗമനം/ശിപാർശ

38. പരാമർശമില്ല.

**ഉചിതമായി അവകാശവാദം ഉന്നയിക്കാത്തതിനാൽ നിറുത്തലാക്കപ്പെട്ട കരാർ പണികളുടെ ബാങ്ക് ഗ്യാരന്റി (ബിജി) ₹51 ലക്ഷം പിരിച്ചെടുക്കുവാനായില്ല.**

2009 ഡിസംബറിൽ ₹5.13 കോടി ചെലവിൽ ഓഗസ്റ്റ് 2010-ന് പൂർത്തിയാക്കണമെന്ന നിബന്ധനയോടെ അന്ധകാരനാഴിയുടെ വടക്കുവശത്ത് പാലം പണിയുന്നതിന് കരാറുനൽകി. കരാറുകാരൻ നിർമ്മാണ പ്രവർത്തനം നടത്തുന്നതിൽ പരാജയപ്പെട്ടതിനാൽ കരാറുകാരനിൽ ബാധ്യത ചമച്ച് കരാർ അവസാനിക്കപ്പെട്ടു (ഒക്ടോബർ 2011). ഈ ഇനത്തിൽ ₹58.93 ലക്ഷം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു.

കരാർ നിബന്ധനകൾ പ്രകാരം, 2011 മാർച്ച് 31-വരെ പ്രാബല്യമുള്ള ₹51.31 ലക്ഷത്തിന്റെ പ്രവർത്തനക്ഷമതാ ബാങ്ക് ഗ്യാരന്റി കരാറുകാരൻ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എസ്.ഇ. കേന്ദ്രസർക്കിൾ ബാങ്ക് ഗ്യാരന്റിയുടെ തുക ആവശ്യപ്പെടുന്നതിന് പകരം കരാറുകാരന്റെ മോശമായ പ്രവർത്തനം പ്രതിപാദിച്ച് ബാങ്ക് ഗ്യാരന്റി തുക നൽകാതിരിക്കുന്നതിനുള്ള നിർദ്ദേശമാണ് ബാങ്കിന് നൽകുകയുണ്ടായത് (മാർച്ച് 2011).

കരാർ അവസാനിച്ച ശേഷം (ഒക്ടോബർ 2011) എസ്.ഇ. ബാങ്ക് ഗ്യാരന്റിപ്പണം കാശായി നൽകുവാൻ അഭ്യർത്ഥിച്ചുവെങ്കിലും (നവംബർ 2011) കാലാവധി 31 മാർച്ച് 2011-ന് കഴിഞ്ഞുവെന്ന കാരണത്താൽ ബാങ്ക്, ഗ്യാരന്റിപ്പണം എസ്.ഇ.-യ്ക്ക് നൽകിയില്ല. അങ്ങനെ, ബാങ്ക് ഗ്യാരന്റി കാശാക്കി വാങ്ങുന്നതിലോ കാലാവധി നീട്ടിവാങ്ങുന്നതിലോ ഉള്ള എസ്.ഇ-യുടെ പരാജയത്തിന്റെ ഫലമായി ₹51 ലക്ഷത്തിന്റെ നഷ്ടം സംഭവിച്ചു.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഇക്കണോമിക് സെക്ടർ) 3.6.6.2 എന്ന ഓഡിറ്റ് ഖണ്ഡിക.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

39. ഓഡിറ്റ് ഖണ്ഡിക 3.6.6.2 പരിഗണിച്ച സമിതി കരാറുകാരൻ സമർപ്പിച്ച ബാങ്ക് ഗ്യാരന്റിയുടെ കാലാവധി നീട്ടിവാങ്ങാത്തതിൽ വിശദീകരണം ആരാഞ്ഞു. കരാറുകാരൻ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ ബാധ്യത ചുമച്ച് കരാർ അവസാനിപ്പിച്ചുവെന്നും കരാറുകാരൻ സമർപ്പിച്ച ബാങ്ക് ഗ്യാരന്റിയുടെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി തുക നൽകരുതെന്ന് ബാങ്കിൽ നോട്ടീസ് കൊടുത്തുവെങ്കിലും ആറുമാസത്തിനുശേഷമാണ് ബാങ്ക് ഗ്യാരന്റിയുടെ കാലാവധി നേരത്തേ കഴിഞ്ഞതിനാൽ പണം നൽകരുതെന്ന വ്യവസ്ഥ പ്രായോഗികമല്ലെന്ന് ബാങ്കിൽ നിന്നും അറിയിച്ചതെന്നും അതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

40. കാലാവധി അവസാനിക്കുന്നതിന് മുമ്പ് വകുപ്പിന് ബാങ്ക് ഗ്യാരന്റി കാശാക്കി മാറ്റാമായിരുന്നില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, കാശാക്കി മാറ്റാൻ കഴിയുമായിരുന്നുവെന്നും സാധാരണ ഗതിയിൽ ബാങ്ക് ഗ്യാരന്റിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ആവശ്യപ്പെടുകയാണ് പതിവെന്നും ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു.

41. ഇങ്ങനെയൊരു അവസ്ഥ പി.ഡബ്ല്യൂ.ഡി.-യിലും സംഭവിക്കാറുണ്ടെന്നും ബാങ്ക് ഗ്യാരന്റി സംബന്ധിച്ച് ആരും ശ്രദ്ധിക്കാറില്ലെന്നും അപ്രകാരമുള്ള അബദ്ധമാണ് ഇവിടെയും സംഭവിച്ചതെന്നും ഒരു നിശ്ചിത തീയതിയിൽ കരാർ അവസാനിച്ചില്ലായെങ്കിൽ വകുപ്പ് ബാങ്ക് ഗ്യാരന്റി തുക കാശാക്കുകയോ അല്ലായെങ്കിൽ കാലാവധി നീട്ടിവാങ്ങുകയോ ആണ് ചെയ്യേണ്ടിയിരുന്നതെന്നും എന്നാൽ ഇത് രണ്ടും വകുപ്പിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചില്ലായെന്നും ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു

42. അന്ധകാരനാഴി പാലം നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു

## നിഗമനം/ശിപാർശ

43. അന്ധകാരനാഴി പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അന്ധകാരനാഴി പാലം നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ദർഘാസ് നിബന്ധനകൾ പാലിക്കാതെ ഉടമ്പടി ഒപ്പുവച്ചതു മൂലമുള്ള നഷ്ടം ₹1.61 കോടി

തിരുവനന്തപുരത്തെ മുതലപ്പൊഴി എഫ്.എച്ച്.-ൽ നിന്ന് നാലുമാസത്തിനുള്ളിൽ ഒരു ക്യൂബിക് മീറ്ററിന് ₹700 നിരക്കിൽ ₹2.20 കോടിക്ക് 30000 ക്യൂ.മീ. മണൽ ഡ്രെഡ്ജ്

ചെയ്ത് നീക്കം ചെയ്യാനുള്ള ജോലി എച്ച്.ഇ ഡി. ലേലം ചെയ്തു (ഡിസംബർ 2011) നൽകി. ദർഘാസ് നിബന്ധനകൾ പ്രകാരം കരാർ തുകയുടെ 50 ശതമാനം രൊക്കം പണമായി ലേലം അനുവദിക്കുന്ന അവസരത്തിലും ബാക്കി 50 ശതമാനം ബാങ്ക് ഗ്യാരന്റിയായി കരാർ ചെയ്യുന്ന അവസരത്തിലും കരാറുകാരൻ നൽകേണ്ടതാണ്. ഫിഷറീസും പോർട്ട് വകുപ്പും 2012 ജൂൺ മാസത്തിൽ ലേലം അനുവദിക്കുകയുണ്ടായി. എന്നിരുന്നാലും, ഈ നിബന്ധനകൾ പാലിക്കാതെ ലേലക്കാരുമായി കരാർ ഉടമ്പടി ഉണ്ടാക്കി (ഓഗസ്റ്റ് 2012) പണം രൊക്കമായി നൽകണമെന്ന നിബന്ധനയ്ക്ക് കരാറുകാരൻ ഇളവ് ആവശ്യപ്പെട്ടെങ്കിലും (നവംബർ 2012) അത് നിരസിച്ചതിന്റെ അടിസ്ഥാനത്തിൽ (ഏപ്രിൽ 2013) കരാറുകാരൻ 50 ശതമാനം പണം രൊക്കമായി അടച്ചതിനാൽ കരാറുകാരന് പണിസ്ഥലം കൈമാറ്റപ്പെട്ടു (നവംബർ 2013).

തൽഫലമായി 16 മാസത്തോളം എക്കൽ മണൽ നീക്കം ചെയ്യുന്ന ജോലി നടന്നിരുന്നില്ല. പിന്നീട് എക്കൽ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചപ്പോൾ (ഡിസംബർ 2013) വെള്ളപ്പൊക്കം കാരണം പൊഴി[9] മുറിക്കേണ്ടിവരികയും മണലിന്റെ അളവ് 30000 ക്യൂബിക് മീറ്ററിൽ നിന്ന് കുറഞ്ഞ് 13622.89 ക്യൂ.മീറ്റർ ആവുകയും ചെയ്തു. വകുപ്പിന്റെ ലെവൽ കാൽക്കുലേഷൻ പ്രകാരം 13622.89 ക്യൂബിക് മീറ്റർ മണൽ ലഭ്യമായിരുന്നെങ്കിലും (ഡിസംബർ 2013) പൊതുജനത്തിന്റെ എതിർപ്പ് കാരണം കരാറുകാരന് ₹59.17 ലക്ഷം വിലവരുന്ന 8068.79 ക്യൂ.മീറ്റർ മണൽ മാത്രമേ മാറ്റുവാൻ സാധിച്ചിരുന്നുള്ളൂ.

വ്യക്തമാകുന്ന രീതിയിൽ കരാറിലെ ദർഘാസ് നിബന്ധന പ്രകാരം കരാർ മൂല്യവും ബാങ്ക് ഗ്യാരന്റിയും വസൂലാക്കുന്നത് അനുവർത്തിക്കാതിരുന്നതുമൂലം ₹1.61[10] കോടി മൂല്യം വരുന്ന 21,931.21 ക്യൂ.മീറ്റർ മണൽ നഷ്ടമായി.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.6.3 എന്ന ഓഡിറ്റ് ഖണ്ഡിക.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

44. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വകുപ്പിന്റെ വിശദീകരണമാരാഞ്ഞപ്പോൾ, കരാർ

---

9 പുറംകടലുമായി സുഗമമായി ബന്ധിപ്പിക്കുന്നതും ഒന്നോ അതിലധികമോ പുഴകളോ അരുവികളോ എത്തിച്ചേരുന്നതുമായ ഭാഗികമായി മൂടപ്പെട്ട തീരപ്രദേശ ഘടനയാണ് പൊഴി

10 21931 ക്യൂബിക് മീറ്ററിന്, ഒരു മീറ്ററിന് ₹700 നിരക്കിലും അഞ്ച് ശതമാനം നികുതിയും ചേർന്നത്.

വ്യവസ്ഥകൾ മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പോൾ ചെറിയ പിശക് സംഭവിച്ചെന്നും സർക്കാരിന് ഇക്കാര്യത്തിൽ ഒരു നഷ്ടവും സംഭവിച്ചിട്ടില്ലെന്നും 120 പേജുള്ള വിശദമായ റിപ്പോർട്ടാണ് വകുപ്പ് എ ജി-ക്ക് നൽകിയതെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ വ്യക്തമാക്കി.

45. പ്രസ്തുത റിപ്പോർട്ട് സമിതിയിൽ ലഭ്യമായിട്ടില്ലെന്നും അടിയന്തരമായി വിശദമായ റിപ്പോർട്ട് സമിതിയിൽ ലഭ്യമാക്കണമെന്നും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

## നിഗമനം/ശിപാർശ

46. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ദർഘാസ് നടപടി പൂർത്തിയാക്കുന്നതിലെ കാലതാമസവും അതിന്റെ സ്വാധീന ഫലവും.**

കെ.പി.ഡബ്ല്യൂ.ഡി. മാനവൽ പ്രകാരം ദർഘാസ് പരിഗണിക്കേണ്ടതും അന്തിമ തീരുമാനമെടുക്കേണ്ടതും ഫേം കാലാവധിയായ[11] നാലുമാസത്തിനുള്ളിൽത്തന്നെ യായിരിക്കേണ്ടതും പ്രസ്തുത കാലാവധിയ്ക്കു മുമ്പുതന്നെ തീരുമാനം നോട്ടീസ് മുഖേന അറിയിക്കേണ്ടതുമാണ്.

തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും സർക്കിളുകളിൽ മൂന്ന് നിർമ്മാണ ജോലികൾ നൽകിയതിൽ ദർഘാസ് നടപടികൾ പൂർത്തീകരിക്കുന്നതിന് രണ്ടു മുതൽ നാലു വർഷം വരെയുണ്ടായ കാലതാമസത്തിന്റെ ഫലമായി ₹1.86 കോടിയുടെ അധിക ചെലവുണ്ടായതായി ഓഡിറ്റിൽ വെളിപ്പെട്ടത് താഴെ സൂചിപ്പിക്കുന്നു:

- ശക്തികുളങ്ങര ഗ്രാമത്തിൽ പുത്തൻ തുരുത്തിനെയും ചീകംതുരുത്തിനെയും ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ ₹68.05 ലക്ഷം ചെലവുവരുന്ന നിർമ്മാണത്തിന് (എസ്.ഒ.ആർ 2008) എസ്.ഇ. (എസ്.സി തിരുവനന്തപുരം) ദർഘാസ് നൽകി. (ഒക്ടോബർ 2008). എന്നാൽ, എഫ്.ആന്റ്.പി. വകുപ്പ് ഫേം കാലാവധിക്കുശേഷമാണ് മരാമത്തു പണിക്ക് അനുമതി (മേയ് 2009) നൽകിയത്. പ്രസ്തുത പണി പുനർദർഘാസ് ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചതിന്റെ (ഡിസംബർ 2012) ഫലമായി ₹0.28 കോടിയുടെ അധിക ചെലവുണ്ടായി.

- എടക്കാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏഴരകടപ്പുറത്തെ കിഴുന്നപാറയിൽ ₹0.46 കോടി ചെലവുവരുന്ന എഫ്.എൽ.സി-യുടെ നിർമ്മാണത്തിന് എസ്.ഇ (എൻ.സി, കോഴിക്കോട്)

---

11 ഫേം കാലാവധി എന്നത് ദർഘാസ് നിരക്കുകൾ യാതൊരു മാറ്റവും കൂടാതെ നിലനിൽക്കുന്ന പരിധിയും കരാറുകാരന് ദർഘാസ് പിൻവലിക്കുവാൻ സാധ്യമല്ലാത്ത കാലയളവുമാണ്.

ദർഘാസ് നൽകി (ജൂൺ 2010) എന്നാൽ, എഫ്.ആന്റ്.പി വകുപ്പ് ഫേം കാലാവധിക്കശേഷം 2011 ജൂണിൽ പണിക്ക് അനുമതി നൽകിയതിന്റെ ഫലമായി 2013 ഏപ്രിൽ മാസത്തിൽ പണി വീണ്ടും അനുവദിച്ച് നൽകിയപ്പോൾ ₹0.15 കോടിയുടെ അധിക ചെലവുണ്ടായി.

- കാസർഗോഡ് എഫ്.എച്ച്.ൽ ഉൾപ്പെട്ട വാർഫ്, ലേലപ്പുര, സംരക്ഷണ ബണ്ട്, സ്ഥലം നികത്തൽ എന്നിവയ്ക്ക് ₹4.28 കോടി മതിപ്പ് ചെലവിൽ എസ്.ഇ (എൻ.സി, കോഴിക്കോട്) ദർഘാസ് നൽകി. എന്നിരുന്നാലും ദർഘാസ് ഫേം കാലാവധിക്കുള്ളിൽ അംഗീകാരം നൽകാതിരുന്നതിന്റെ ഫലമായി 2013 ഏപ്രിലിൽ ₹1.42 കോടിയുടെ അധിക ചെലവുണ്ടായി.

അങ്ങനെ, ഫേം കാലാവധിക്കുള്ളിൽ തന്നെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുന്നതിലെ പരാജയം ആസൂത്രണം ചെയ്ത ഉദ്ദേശ്യം ലഭിക്കാതിരിക്കുന്നതിനും ₹1.86 കോടിയുടെ അധിക ചെലവിനും ഇടയാക്കി.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.6.4 എന്ന ഓഡിറ്റ് ഖണ്ഡിക.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

47. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ തിരുവനന്തപുരം, കോഴിക്കോട് എന്നീ സർക്കിളുകളിലെ മൂന്ന് നിർമ്മാണ ജോലികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുന്നതിനുണ്ടായ കാലതാമസം മൂലം ₹1.86 കോടിയുടെ അധിക ചെലവുണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വകുപ്പിനോട് വിശദീകരണം ആരായുകയും, ടെണ്ടർ കമ്മിറ്റി കൂടി സർക്കുലേഷന് പോയി വരുമ്പോഴേയ്ക്കും ഫേം പീരീഡ് കഴിഞ്ഞ് പോകുന്നതുകൊണ്ടാണ് ദർഘാസ് നടപടി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതെന്നും എന്നാൽ ഇപ്പോൾ ടെണ്ടർ കമ്മിറ്റി സിസ്റ്റം നിലവിലില്ലാത്തതിനാൽ ദർഘാസ് നടപടി പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുന്നില്ലെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിക്കുകയും ചെയ്തു.

## നിഗമനം/ശിപാർശ

48. പരാമർശമില്ല.

**നഷ്ടവും നിർമ്മാണ ചെലവ് ബാധ്യതയും നിർണ്ണയം നടത്താതിരിക്കൽ**

ഒരു കരാറുകാരൻ ഉടമ്പടി നിബന്ധനകൾക്ക് വിധേയമായി തന്നെ ഏല്പിച്ച നിർമ്മാണ ജോലി നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ചെയ്തു തീർക്കുന്നതിൽ

പരാജയപ്പെട്ടാൽ പ്രസ്തുത കരാർപ്പണി റദ്ദുചെയ്യുന്നതിനും അത് പുനർകരാർ ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനും, അതിനുവേണ്ടി വരുന്ന അധിക ചെലവ് പണിയിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനും വകപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. എസ്.ഇ. വീഴ്ചവന്ന പണിയിന്മേലുള്ള നഷ്ടവും പുനർനിർമ്മാണച്ചെലവും നിർണ്ണയിച്ച് ഒരു വർഷത്തിനുള്ളിൽത്തന്നെ വീഴ്ചവരുത്തിയ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. എന്നിരുന്നാലും താഴെപ്പറയുന്ന കേസുകളിൽ വകുപ്പ് നഷ്ടവും അധികബാധ്യതയും നിർണ്ണയിക്കുന്നതിൽ പരാജയപ്പെട്ടു.

- കൊല്ലം ജില്ലയിലെ നീലേശ്വരം ഗ്രാമപഞ്ചായത്തിൽപ്പെട്ട നീലേശ്വരം തോപ്പിനെയും കമ്പോളച്ചിറയേയും ബന്ധിപ്പിക്കുന്ന ₹0.94 കോടി ചെലവുവരുന്ന ഒരു പാലം നിർമ്മിക്കുന്നതിന് എസ്.ഇ, സൗത്ത് സർക്കിൾ തിരുവനന്തപുരം കരാർ നൽകുകയുണ്ടായി[12] (നവംബർ 2009) പണിയുടെ മന്ദഗതിയിലുള്ള പുരോഗമനം കരാർ പണി അവസാനിപ്പിക്കുവാനിടയാക്കി (ഏപ്രിൽ 2010). പ്രസ്തുത പണി ₹1.19 കോടിക്ക് 2012 സെപ്തംബറിൽ പുനർകരാർ നടത്തിയെങ്കിലും അതിലെ ബാധ്യത നാലു വർഷം കഴിഞ്ഞിട്ടും എസ്.ഇ. നിർണ്ണയിക്കുകയോ കരാറുകാരനെ അറിയിക്കുകയോ ചെയ്തിരുന്നില്ല (ഓഡിറ്റ് കണക്കാക്കിയ തുക ₹0.25 കോടി).

- നീണ്ടകര വടക്കേ ദിക്കിലെ കടൽഭിത്തിയുടെ അപാകത പരിഹരിക്കൽ, തീരസംരക്ഷണ പണികൾ, റോഡിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങി ₹1.47 കോടി മതിപ്പ് ചെലവ് വരുന്ന മരാമത്ത് പണി സമ്മതപത്രം നൽകി (ഡിസംബർ 2007) എട്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി എസ്.ഇ. സൗത്ത് സർക്കിൾ തിരുവനന്തപുരം കരാറു നൽകി[13] (7 നവംബർ2007). ജോലി മന്ദഗതിയിലായത് കരാർ അവസാനിപ്പിക്കാനിടയാക്കി (ഏപ്രിൽ 2008). ബാക്കി പണിക്കുവേണ്ടി സി.ഇ. മൂല്യനിർണ്ണയം നടത്തുകയോ ആറു വർഷത്തോളമായിട്ടും പ്രസ്തുത പണി പുനർകരാർ നൽകുകയോ ചെയ്തിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.6.5 എന്ന ഓഡിറ്റ് ഖണ്ഡിക.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

---

12 ശ്രീ.ആർ.സി സതീഷ്ബാബു, ഗവൺമെന്റ് കോൺട്രാക്ടർ, സുരഭി, 2/2045, കവടിയാർ, തിരുവനന്തപുരം.

13 മെസ്സേഴ്സ് കായിക്കര കൺസ്ട്രക്ഷൻ കമ്പനി, കൈതവാരം ബംഗ്ലാവ്, കൺകത്ത്മുക്ക്, കൊല്ലം-12.

49. നീലേശ്വരം തോപ്പിനേയും, കമ്പോളച്ചിറയേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി, ആദ്യ കരാറുകാരന്റെ ബാധ്യത നിശ്ചയിക്കാതെ എങ്ങനെയാണ് പ്രസ്തുത പ്രവൃത്തി പുനർകരാർ നടത്തിയതെന്ന് വകുപ്പിനോടാരാഞ്ഞു. പ്രസ്തുത പ്രവൃത്തി റ്റി.ആർ.പി. സ്കീമിൽ ഉൾപ്പെടുന്നതാണെന്നും ആദ്യ കരാറുകാരൻ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ജോലി ഒന്നും ചെയ്യാത്തതുകൊണ്ട് അയാളെ കരാർ കാലാവധിക്കുശേഷം ബാധ്യത നിശ്ചയിച്ച് കരാർ അവസാനിപ്പിക്കുകയാണ് ചെയ്തതെന്നും തുറമുഖ എഞ്ചിനീയിറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതി മുമ്പാകെ ബോധിപ്പിച്ചു. രണ്ടാമത്തെ കരാർ, ആദ്യത്തെ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ഏർപ്പാട് ചെയ്തുവെങ്കിലും ടെണ്ടർ സാങ്ഷന് വേണ്ടി കൊടുത്തപ്പോൾ ടി.ആർ.പി. പ്രവൃത്തികളുടെ കാലാവധി അവസാനിച്ചതിനാൽ ടി പ്രവൃത്തി തുടരേണ്ടതില്ലായെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതായി ചീഫ് എഞ്ചിനീയർ തുടർന്നറിയിച്ചു. പ്രസ്തുത പ്രവൃത്തി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം നിർത്തിവച്ചെങ്കിലും ടി കരാറുകാരൻ സർക്കാരിന് വരുത്തിയ നഷ്ടം കണക്കാക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ഒരു പ്രവൃത്തിയും ചെയ്യാതിരുന്നത് കൊണ്ടാണ് അത് കഴിയാത്തതെന്ന് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

## നിഗമനം/ശിപാർശ

50. പരാമർശമില്ല.

**നിരക്ക് പുതുക്കിയതുമൂലം കരാറുകാരനു ലഭിച്ച അനർഹമായ നേട്ടം**

പാരാ 3.6.4.1-ലെ സർവ്വെയിലും അന്വേഷണ ഗവേഷണ പോരായ്മകൾ കൂടാതെ, തലായ് എഫ്.എച്ച്-ൽ ഒരു വാർഫിന്റെയും ലേലപ്പുരയുടെയും നിർമ്മാണത്തിന്റെ ഭാഗമായി ഒരു കരാറുകാരൻ 20 മീറ്റർ സംരക്ഷണ ബണ്ട് ഭാഗികമായി നിർമ്മിക്കുകയും പൈലിംഗ് ജോലികൾ ചെയ്യേണ്ട സ്ഥലം ഡ്രെഡ്ജ് ചെയ്ത 5500 ക്യൂ.മീറ്റർ എക്കൽമണ്ണ് ഉപയോഗിച്ച് നികത്തുവാനാവില്ലെന്ന കാരണത്താൽ പണിയിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. നിറയ്ക്കാനുള്ള മണ്ണ് ശേഖരിക്കാൻ അടുത്തുതന്നെയുള്ള ഒരു സ്ഥലം നിർദ്ദേശിച്ചെങ്കിലും അവിടെ കളിമണ്ണിന്റെ അംശം അധികമായിരുന്നതിനാൽ പരിഗണിക്കുകയുണ്ടായില്ല. നികത്തൽ ഒഴിവാക്കാമെന്ന കാരണത്താൽ കരാറുകാരൻ നിർദ്ദേശിച്ച പ്രകാരം വാർഫിന്റെ നിർമ്മാണം 50 മീറ്റർ തീരത്തോടടുപ്പിക്കാനും ജോലികൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന പ്ലാറ്റ്ഫോമുകളുടെ സഹായത്താൽ ചെയ്യാനും വകുപ്പ് അംഗീകാരം നൽകി. പൈലിംഗ് ജോലി ചെയ്യുന്ന രീതി ആദ്യ മൂല്യനിർണ്ണയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നതിനാൽ ഈ അധിക ജോലി ആറ് എക്സ്ട്രാ ഇനമായി മൂല്യനിർണ്ണയം പരിഷ്കരിച്ചു. തൽഫലമായി 2009 എസ്.ഒ.ആറിന്റെ അടിസ്ഥാനത്തിൽ ₹3.93 കോടിയുടെ പരിഷ്കരിച്ച മൂല്യനിർണ്ണയം അംഗീകരിച്ചു. അതിൽ ആറ് എക്സ്ട്രാ

ഇനങ്ങളുടെ മതിപ്പ് തുക ₹2.73 കോടിയായിരുന്നു. തുടർന്ന് ഈ ആറ് അധിക ഇനങ്ങളും ചേർത്ത് ഒരു അനുബന്ധ കരാർ എസ്.ഇ. ചമയ്ക്കുകയും പ്രസ്തുത ജോലികൾ പുരോഗമിക്കുകയും ചെയ്യുന്നു (ഒക്ടോബർ 2014).

ഇവയിൽ നിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റിൽ വെളിപ്പെട്ടു.

- ആറ് അധിക ഇനങ്ങളിൽ രണ്ടാമത്തെ ഇനമായ 'എല്ലാ ഭൂതലങ്ങളിലൂടെയും 700 എം.എം. ലംബമായ കുഴൽ കിണറിന് തുളച്ച് നീക്കം ചെയ്യുന്ന' ജോലി ഒരു മീറ്ററിന് ₹871.40 എന്ന നിരക്കിൽ 2,700 മീറ്റർ നേരത്തെ ഉണ്ടായിരുന്ന മതിപ്പിലെ ഇനം അഞ്ചിന് പകരമായാണ് ഉള്ളത്. അനുബന്ധ കരാറിലെ അധിക ഇനം നമ്പർ രണ്ടിന്റെ നിരക്കും അളവും മാറ്റി യഥാക്രമം മീറ്ററിന് ₹4547.50 എന്നും 2072 മീറ്റർ എന്നും നിശ്ചയിച്ചിരുന്നു. ആദ്യത്തെ മതിപ്പുകളിലെ അഞ്ചാമത്തെ ഇനവും പുതുക്കിയ മതിപ്പുകളിലെ രണ്ടാമത്തെ ഇനവും ഒരേ പണിതന്നെ ആണെന്നും പ്രസ്തുത പണിയിൽ യാതൊരു മാറ്റവുമില്ലായിരുന്നു വെന്നും ഓഡിറ്റിൽ നിരീക്ഷിക്കപ്പെട്ടു. അതിനാൽ പരിഷ്കരിച്ച മൂല്യനിർണ്ണയത്തിലുൾപ്പെടുത്തിയ പ്രസ്തുത ഇനം ജോലി ആദ്യത്തെ മതിപ്പുകളിൽപ്പെട്ട ഇനം ആയിരുന്നതിനാൽ "അധിക ഇനമായി" കണക്കാക്കുവാൻ കഴിയുകയില്ല.

- തുരക്കൽ ജോലിക്ക് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളിൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഉയർന്ന തട്ട് അടങ്ങിയിരുന്നു. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന പ്ലാറ്റ് ഫോമിന്റെ ഉപയോഗം തുരക്കൽ ജോലിക്ക് അനുബന്ധമായി വരുന്ന താല്കാലിക സ്വഭാവമുള്ള ഒന്നായതിനാൽ ജോലി ചെയ്യാനുള്ള നിരക്കിനോടൊപ്പം ചേർക്കാവുന്നതായതിനാൽ കരാറുകാരന് പ്രസ്തുത ഇനത്തിൽ പ്രത്യേകമായി പണം നൽകേണ്ടതിന്റെ ആവശ്യമില്ലായിരുന്നു.

- മുൻ വിവരിച്ച പണിയിനങ്ങളുടെ മൂല്യനിർണ്ണയത്തിൽ ടൂൾ ആന്റ് പ്ലാന്റിന്റെ വാടക, പ്രവർത്തന ചെലവുകൾ, മൊബിലൈസേഷൻ ചാർജുകൾ മുതലായവ ഉൾക്കൊള്ളിച്ചിരുന്നു. ഒരു യന്ത്രസാമഗ്രിയുടെ യഥാർത്ഥ വിലയുടെ 33 ശതമാനം കണക്കാക്കി അതിനെ 200[14] എന്ന ഘടകം കൊണ്ട് ഹരിച്ച്, ഒരു ദിവസം എട്ട് മണിക്കൂർ പ്രവർത്തിക്കും എന്ന ധാരണയിൽ അതിന്റെ 1/8-നെ മണിക്കൂർ കണക്കിനുള്ള വാടക നിരക്കായി കണക്കാക്കിയാണ് ഒരു ദിവസത്തെ ഏതൊരു യന്ത്രസാമഗ്രിയുടെയും വാടക കണക്കാക്കേണ്ടത്. പക്ഷേ, പുതുക്കിയ മൂല്യനിർണ്ണയത്തിൽ, ജലത്തിൽ പൊങ്ങിക്കിടക്കുന്ന പ്ലാറ്റ് ഫോമിന്റെ വാടക യന്ത്ര സാമഗ്രിയുടെ വിലയെ 250 എന്ന ഘടകം കൊണ്ട് ഹരിച്ച് ഒരു ദിവസത്തെ വാടക തെറ്റായി കണക്കാക്കി (33 ശതമാനം എന്ന പരിധി കണക്കാക്കാതെ)

---

14 കെ.പി.ഡബ്ല്യു.ഡി. കോഡ് ആർട്ടിക്കിൾ 316 പ്രകാരം രണ്ടു മാസങ്ങൾ ആവശ്യമുള്ള അഴിച്ചുപണികൾക്കും അറ്റകുറ്റപ്പണികൾക്കും മാറ്റിവച്ച ശേഷം, ഒരു മാസം 20 പ്രവൃത്തിദിനമെന്ന നിരക്കിൽ ഒരു വർഷം പത്ത് മാസത്തേക്ക് 200 പ്രവൃത്തിദിനമെന്ന് കണക്കാക്കി.

തൽഫലമായി അനുബന്ധ കരാറിലെ രണ്ടാമത്തെ അധിക ഇനത്തിന് മീറ്ററിന് ₹2,083 എന്ന് പെരുപ്പിച്ച് കരാറിൽ കാണിക്കുകയും അങ്ങനെ മൊത്തം മതിപ്പ് അളവായ 2,072 മീറ്ററിന് ₹0.60 കോടി അതിന് അനുബന്ധമായി വർദ്ധിപ്പിച്ച് കാണിച്ചു.

ട്രഞ്ചിനുവേണ്ടി മണ്ണ് കുഴിക്കുന്ന ജോലിയുടെ നിരക്ക് അങ്ങനെ, അനുചിതമായ രീതിയിൽ പുതുക്കിയത് കരാറുകാരന് ₹1.07 കോടിയുടെ അനർഹമായ നേട്ടം പ്രദാനം ചെയ്യുവാനിടയാക്കുകയും; അതിൽത്തന്നെ ₹0.60 കോടിയായി ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോമിന്റെ വാടക തെറ്റായി കണക്കുകൂട്ടിയത് വിശദമായി പരിശോധിക്കേണ്ടതും ഉത്തരവാദിത്വം നിർണ്ണയിക്കേണ്ടതുമാണ്.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.6 എന്ന ഓഡിറ്റ് ഖണ്ഡിക.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

51. നിരക്ക് പുതുക്കിയതു മൂലം കരാറുകാരന് അനർഹമായ നേട്ടമുണ്ടാക്കി കൊടുത്തുയെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വകുപ്പിനോട് വിശദീകരണം ആരാഞ്ഞു. തലായി ഫിഷിംഗ് ഹാർബറിലെ വാർഫിന്റേയും, ലേലപ്പുരയുടെയും നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈലിംഗ് സ്ഥലവാസികളുടെ എതിർപ്പുമൂലം കരയിൽ നിന്ന് വെള്ളത്തിലേക്ക് മാറ്റേണ്ടിവന്നെന്നും, വാടകയ്ക്കെടുത്ത ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോം ഇതിനായി ഉപയോഗിക്കേണ്ടി വന്നെന്നും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയിൽ വിശദമാക്കി. പി.ഡബ്ല്യു.ഡി. കോഡിലെ ആർട്ടിക്കിൾ 316-നെ അടിസ്ഥാനമാക്കിയാണ് അക്കൗണ്ടന്റ് ജനറൽ തടസ്സമുന്നയിച്ചിരിക്കുന്നതെന്നും എന്നാൽ ഡ്രെഡ്ജിംഗിന് ഉപയോഗിക്കുന്ന ഫ്ലോട്ടിംഗ് ഉപകരണങ്ങൾ ആർട്ടിക്കിൾ 316-ൽ ഉൾപ്പെടുന്നതല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡ്രെഡ്ജിംഗ് കരയിൽ നിന്നും വെള്ളത്തിലേക്ക് മാറ്റിയതിനാലാണ് അധിക തുക ഉൾപ്പെടുത്തിയതെന്നും, കൂടുതൽ നാൾ ഉപ്പുവെള്ളത്തിൽ കിടക്കുന്ന ഉപകരണം പെട്ടെന്ന് നശിച്ചുപോകുമെന്നും അതിനാലാണ് ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോമിന് ഉയർന്ന നിരക്കിലുള്ള വാടക കൊടുക്കേണ്ടി വന്നതെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ വിശദീകരിച്ചു.

52. തലായ് ഫിഷിംഗ് ഹാർബറിൽ വാർഫും, ലേലപ്പുരയും നിർമ്മിക്കുന്നതിനായി ഉപയോഗിച്ച ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോമിന്റെ വാടക ഒരു യന്ത്രസാമഗ്രിയുടെ യഥാർത്ഥ വിലയുടെ 33 ശതമാനം കണക്കാക്കി, ഒരു വർഷം 200 പ്രവൃത്തി ദിനം എന്നതിന്റെ അടിസ്ഥാനത്തിൽ അതിനെ 200 എന്ന ഘടകം കൊണ്ട് ഹരിച്ച് വാടക നിരക്ക്

കണക്കാക്കുന്നതിനുപകരം 33 ശതമാനം എന്ന പരിധി കണക്കാക്കാതെ 250 എന്ന ഘടകം കൊണ്ട് തെറ്റായി കണക്കാക്കിയതു മൂലമാണ് കരാറുകാരന് അനർഹമായി 60 ലക്ഷം രൂപ നൽകേണ്ടിവന്നതെന്ന് സമിതി വിലയിരുത്തി. ഇത് മനഃപൂർവ്വമായ വീഴ്ചയാണെന്നും ഇതിന് ഉത്തരവാദികളായവർക്കെതിരെ വകുപ്പ് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും, ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമിതിയിൽ ലഭ്യമാക്കണമെന്നും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

## നിഗമനം/ശിപാർശ

53. തലായി ഫിഷിംഗ് ഹാർബറിൽ വാർഫും, ലേലപ്പുരയും നിർമ്മിക്കുന്നതിനായി ഉപയോഗിച്ച ഫ്ലോട്ടിംഗ് പ്ലാറ്റ് ഫോമിന്റെ വാടക തെറ്റായി കണക്കാക്കിയതുമൂലം കരാറുകാരന് അനർഹമായി 60 ലക്ഷം രൂപ നൽകേണ്ടി വന്നതിന് ഉത്തരവാദികളായവർക്കെതിരെ സത്വര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയിൽ ലഭ്യമാക്കണമെന്നും വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**എഫ്.എൽ.സി.യുടെയും എഫ്.എച്ച്-ന്റെയും പ്രവർത്തനവും അറ്റകുറ്റപ്പണികളും.**

എഫ്.എച്ച്.മോപ്പിളബേ, കണ്ണൂർ

₹ 10.71 കോടി ചെലവു ചെയ്തു കണ്ണൂരിൽ എച്ച്.ഇ.ഡി. ഒരു എഫ്.എച്ച്. നിർമ്മിച്ചു. 1999 മേയ് മാസത്തിൽ തുറമുഖം പ്രവർത്തനക്ഷമമാക്കി. തുറമുഖവും കരയുമായി ചേരുന്ന പ്രദേശത്ത് അത്യധികമായി എക്കൽ അടിയുന്നതിനാൽ കഴിഞ്ഞ അഞ്ചു വർഷമായി വാർഫ് ഉപയോഗപ്രദമല്ല, എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തീരപ്രദേശത്ത് എക്കൽ അടിയുക, എന്ന സാധാരണ പ്രതിഭാസം നിരന്തരമായ മണ്ണ് നീക്കം ചെയ്യലിലൂടെ മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ. ഇങ്ങനെ നിരന്തരമായി ചെയ്യേണ്ട പണികൾക്ക് തുക വകകൊള്ളിക്കാതിരിക്കുന്നത് എക്കൽ അധികമായി അടിയുന്നതിനും വാർഫ് ഉപയോഗയോഗ്യമല്ലാതാക്കുകയും ചെയ്യുന്നു. അധികമായി അടിയുന്ന എക്കൽ നീക്കം ചെയ്ത് വാർഫ് ഉപയോഗയോഗ്യമാക്കുന്നതിനുള്ള കർമ്മപരിപാടി എച്ച്.ഇ.ഡി. തയ്യാറാക്കുവാനിരിക്കുന്നതേയുള്ളൂ.

**ഡ്രെഡ്ജ് ചെയ്ത മണൽ നീക്കം ചെയ്യാതിരുന്നതുമൂലമുള്ള റവന്യൂ വസൂലാക്കാതിരിക്കൽ.**

കപ്പലുകളുടെ സുരക്ഷിതമായ ഗതാഗതത്തിനായി സുഗമവും ഫലപ്രദവുമായി തുറമുഖ പ്രവർത്തനം നടത്തുന്നതിന് തുറമുഖ സമീപത്തുള്ള ചാനലുകളുടെ ആഴം നിശ്ചിത അളവിൽ പരിപാലിക്കുന്നതിന് മിക്ക എഫ്.എച്ച്-നും കാലാകാലങ്ങളിലെ മെയിന്റനൻസ്

ഡ്രെഡ്ജിംഗ് ആവശ്യമാണ്. കൂടാതെ, ഡ്രെഡ്ജിംഗിൽ കൂടി ലഭിക്കുന്ന മണൽ വിൽക്കുന്നതിനോ അഥവാ സ്ഥലം നികത്തുന്നതിനോ ഉപയോഗിക്കുവാൻ കഴിയും. ഡ്രെഡ്ജിംഗിലെ കാലതാമസം റവന്യൂ വസൂലാക്കുന്നതിലുള്ള കാലതാമസത്തിനും നഷ്ടത്തിനും എഫ്.എച്ച്-ന്റെ പ്രവർത്തനം ക്ലേശകരവുമാക്കുന്നതിനും കാരണമാകുന്നത് താഴെ വിവരിക്കുന്നു:

- ഡ്രെഡ്ജിംഗിനുള്ള ദർഘാസ് നടപടി പൂർത്തീകരിക്കാതിരുന്നതിന്റെ ഫലമായി ആലപ്പുഴ ചെത്തി എഫ്.എച്ചി-ൽ 37000 ക്യൂബിക് മീറ്റർ മണൽ നീക്കം ചെയ്യാതെ നഷ്ടപ്പെടുത്തുവാനിടയായി. ഇത് ₹2.40[15] കോടിയുടെ നഷ്ടത്തിനിടയാക്കി.

- എഫ്.എച്ച്. കായംകുളത്ത് 12,300 ക്യൂ.മീറ്റർ മണൽ നീക്കം ചെയ്യുന്നതിന് മൂന്ന് വർഷംവരെയുണ്ടായ കാലതാമസം ഒരു ക്യൂ. മീറ്ററിന് ₹517.50 നിരക്കിൽ (പുതുക്കിയ 2010 എസ്.ഒ.ആർ. പ്രകാരം) ₹63.65 ലക്ഷം വസൂലാക്കുന്നതിലും കാലതാമസം വരുത്തി.

- മുനമ്പം എഫ്.എച്ചി-ന്റെ തീരപ്രദേശത്ത് കാലാകാലങ്ങളിൽ മണൽ ഡ്രെഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിലെ വകുപ്പിന്റെ വീഴ്ച ₹8.44 കോടിയുടെ റവന്യൂ നഷ്ടത്തിനിടയാക്കി. കാലാകാലങ്ങളിലെ ഡ്രെഡ്ജിംഗിനും മണൽ നീക്കം ചെയ്യുന്നതിനും ഒരു മാർഗ്ഗരേഖയും നിലവിലില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മാർഗ്ഗരേഖയുടെ അഭാവം കൃത്യമായ സമയത്തെ ഡ്രെഡ്ജിംഗിനും ₹11.48 കോടിയുടെ റവന്യൂ വസൂലാക്കുന്നതിലെ കാലതാമസത്തിനുമിടയാക്കി.

[സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.7.1, 3.6.7.2 എന്നീ ഓഡിറ്റ് ഖണ്ഡികകൾ.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു:

54. മുനമ്പം, കായംകുളം എന്നീ സ്ഥലങ്ങളിലെ ഫിഷിംഗ് ഹാർബറുകളിൽ ഡ്രെഡ്ജ് ചെയ്ത മണൽ മുഴുവൻ നീക്കം ചെയ്തോയെന്ന് സമിതി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് ആരാഞ്ഞു. മുനമ്പം ഫിഷിംഗ് ഹാർബറിലെ മണൽ നീക്കം ചെയ്യുന്നതിന് രണ്ടു തവണ ടെണ്ടർ ചെയ്തിട്ടും ആരും തയ്യാറാകാത്തതിനാൽ കേരള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ടി ജോലി ഏൽപ്പിച്ചിരിക്കുന്നതെന്നും, കോർപ്പറേഷന്റെ സിന്ധുരാജൻ എന്ന ഡ്രെഡ്ജർ ഉപയോഗിച്ച് മണൽ ഡ്രെഡ്ജ് ചെയ്ത് കടലിൽ നിക്ഷേപിച്ചുവെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ ബോധിപ്പിച്ചു

55. ഡ്രെഡ്ജ് ചെയ്ത മണൽ കടലിൽ നിക്ഷേപിക്കാതെ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാമോയെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി ലൂസ് ക്ലേയായതിനാൽ ഉപയോഗശൂന്യമാണെന്ന് എച്ച്.ഇ.ഡി.ചീഫ് എഞ്ചിനീയർ മറുപടി നൽകി. പ്രസ്തുത

---

15 648x37000

വിഷയം സംബന്ധിച്ച് വ്യത്യസ്തമായ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും കൃത്യമായ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു മറുപടി അടിയന്തരമായി ലഭ്യമാക്കണമെന്ന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു

## നിഗമനം/ശിപാർശ

56. തുറമുഖങ്ങളിൽ അടിയുന്ന മണൽ യഥാസമയം നീക്കം ചെയ്യാത്തത് റവന്യൂ നഷ്ടത്തിനും, മത്സ്യബന്ധന തുറമുഖങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും തടസ്സമുണ്ടാകുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളിലും കൃത്യമായി ഡ്രെഡ്ജിംഗ് നടത്തി മണൽ നീക്കം ചെയ്യണമെന്നും, ഡ്രെഡ്ജിംഗിനായി കൃത്യമായ ഒരു മാർഗ്ഗരേഖയുണ്ടാക്കണമെന്നും വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

57. ഫിഷിംഗ് ഹാർബറുകളിൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ ലഭിക്കുന്ന മണലിന്റെ പുനരുപയോഗം സംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പലവക**

**നിർമ്മാണപ്പണികളെ നിയന്ത്രിക്കുന്നതിന് ശരിയായ മാനദണ്ഡത്തിന്റെ അഭാവം,**

1982-ലാണ് ഈ വകുപ്പ് രൂപം കൊണ്ടത്. 32 വർഷത്തെ പ്രത്യേകമായ നിലനിൽപ്പിനു ശേഷവും എഫ്.എച്ച്.-കളെയും എഫ്.എൽ.സി.-കളെയും തീരദേശ റോഡുകളെയും, വാർഫുകളെയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളുടെയും നിർമ്മാണവും വികസനവും നിയന്ത്രിക്കുന്നതിനുള്ള ഒരു മാനുവൽ രൂപപ്പെടുത്തുന്നതിൽ എച്ച്.ഇ.ഡി. പരാജയപ്പെട്ടു.

എച്ച്.ഇ.ഡി. ചെയ്യു നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിന് പ്രത്യേകമായ മാനദണ്ഡം ഒന്നും തന്നെ നിശ്ചയിക്കപ്പെട്ടിരുന്നില്ല. അങ്ങനെയുള്ള മാനദണ്ഡങ്ങളുടെ അഭാവത്തിൽ എച്ച്.ഇ.ഡി., കേരള പി.ഡബ്ല്യൂ.ഡി. മാനുവലിന് ചില കാര്യങ്ങൾക്കുവേണ്ടി മാത്രം വിധേയമായത് ഒട്ടും തന്നെ ഉചിതമായിരുന്നില്ല. കൂടാതെ, പ്രസ്തുത മാനുവലിൽ എച്ച്.ഇ.ഡി.-യുടെ മുഖ്യ അധികാരമായ ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള യാതൊരു പരാമർശവും ഇല്ലായിരുന്നു.

**അനുമാനം**

ഫിഷറീസ് വകുപ്പിനും പോർട്ട് വകുപ്പിനും സേവനം നൽകുന്നതിനുള്ള വൈദഗ്ധ്യമുള്ള വകുപ്പുമായി രൂപീകരിക്കപ്പെട്ടുവെങ്കിലും ഫിഷറീസ് പോർട്ട് വകുപ്പുകളെ സംബന്ധിക്കുന്ന പണികൾക്ക് എച്ച്.ഇ.ഡി. പ്രത്യേകമായ പാടവം ഒന്നും തന്നെ പ്രകടിപ്പിച്ചിട്ടില്ലായിരുന്നു.

പോർട്ട് വകുപ്പ് എച്ച്.ഇ.ഡി.-യിൽ കൂടിയാണ് നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടിയിരുന്നതെങ്കിലും നിറവേറ്റുന്നതിലെ കഴിവില്ലായ്മ കാരണം അനേകം ജോലികൾ ബാഹ്യ ഏജൻസികളെ എർപ്പാടാക്കിയാണ് ചെയ്തിരുന്നത്. എച്ച്.ഇ.ഡി.-യിൽ നിന്ന് തുറമുഖ സംബന്ധമായ പണികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ പ്രാഗൽഭ്യം പ്രതീക്ഷിച്ചിട്ടും, കൺസൾട്ടൻസി സേവനങ്ങൾക്ക് ബാഹ്യ ഏജൻസികളെ ഏർപ്പാടാക്കിയത് എച്ച്.ഇ.ഡി.-യുടെ പ്രാപ്തിക്കുറവിനെക്കുറിച്ച് ഗൗരവ വിമർശനം അർഹിക്കുന്നു. പല നിർമ്മാണപ്പണികളും ആവശ്യമായ അന്വേഷണ ഗവേഷണമോ, നിരീക്ഷണങ്ങളോ രൂപകല്പനകളോ കൂടാതെ ചെയ്തു കാരണം പദ്ധതികളുടെ പൂർത്തീകരണത്തിലെ കാലതാമസത്തിനും ഒഴിവാക്കാവുന്ന അധികച്ചെലവിനുമിടയായി. എച്ച്.ഇ.ഡി. കരാർ ജോലികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ മോശമായ പ്രകടനം കാഴ്ചവെച്ചത് സമയവും ചെലവും അധികരിക്കുന്നതിനും സർക്കാരിന് ഒഴിവാക്കപ്പെടാവുന്ന നഷ്ടത്തിനുമിടയാക്കി. 1982-ൽ രൂപീകൃതമായശേഷവും ഫിഷറീസിലെയും പോർട്ടിലെയും പ്രവൃർത്തികളെ വ്യക്തതയോടെ നിയന്ത്രിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളോ എല്ലാ കാര്യങ്ങളുമുൾക്കൊള്ളുന്ന മാനുവലോ എച്ച്.ഇ.ഡി.ക്കുണ്ടായിരുന്നില്ല.

**ശിപാർശകൾ**

- ഫിഷറീസിന്റെയും പോർട്ടിന്റെയും വൈദഗ്ധ്യം ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ പാടവം എച്ച്.ഇ.ഡി. വികസിപ്പിച്ചെടുക്കേണ്ടതാണ്.

- എച്ച്.ഇ.ഡി., നിർമ്മാണപ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും ആവശ്യമായ ബജറ്റ് തുക ലഭ്യമാകാതെ പണികൾ നിർത്തിവയ്ക്കുന്നതും ആസൂത്രണം ചെയ്യാതിരുന്ന പണികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും ഫിഷറീസ്, പോർട്ട്, വിനോദസഞ്ചാര വകുപ്പുകളുമായി തികഞ്ഞ ഏകോപനത്തോടെ പ്രവർത്തിക്കേണ്ടതാണ്.

- പദ്ധതികളുടെ പ്രായോഗികതയും ലാഭകരമായ നടത്തിപ്പും ഉറപ്പുവരുത്തുന്നതിനും, എക്കൽ അടിയുക, വേലിയേറ്റ വേലിയിറക്ക സമയത്തെ തിരമാലകളുടെ സ്വഭാവം, പൊഴികൾ, തീരദേശത്തിന്റെ സ്വഭാവം, ഇവയെക്കുറിച്ചുള്ള ആവശ്യമായ നിരീക്ഷണങ്ങളും ഗവേഷണാന്വേഷണങ്ങളും നടത്തിയതിനു ശേഷമേ എച്ച്.ഇ.ഡി. വിവിധ പണികൾ ഏറ്റെടുക്കുവാൻ പാടുള്ളു.

- മത്സ്യബന്ധന സമുദായങ്ങളെ സംബന്ധിച്ച അനുബന്ധ പണികൾ, തീരദേശ റോഡുകൾ, വാർഫുകൾ, എഫ്.എൽ.സി-കൾ, എഫ്.എച്ച്-കൾ തുടങ്ങിയവയുടെ നിർമ്മാണ അറ്റകുറ്റപ്പണികൾ എന്നിവയെ സംബന്ധിയ്ക്കുന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും മാനുവലും എച്ച്.ഇ.ഡി.തയ്യാറാക്കേണ്ടതാണ്.

- നിർമ്മിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമായി നിലനിറുത്തുന്നതിന് ഡ്രെഡ്ജിംഗ് ഉൾപ്പെടെയുള്ള സാധാരണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും എച്ച്.ഇ.ഡി. മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതാണ്.

- [സി&എജിയുടെ 2014 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 3.6.8, 3.8 എന്നീ ഓഡിറ്റ് ഖണ്ഡികകൾ.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

58. ഓഡിറ്റ് ഖണ്ഡിക 3.6.8 മുതൽ 3.8 വരെ സമിതി പരിഗണിച്ചു. യോഗത്തിൽ പരിഗണിച്ച എല്ലാ ഓഡിറ്റ് ഖണ്ഡികകളിന്മേലും സമിതി ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ സമിതിയിൽ ലഭ്യമാക്കണമെന്നും വകുപ്പിനോട് നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

59. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലാണ് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ഏറെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. പ്രസ്തുത മേഖലയിലെ ആവശ്യം മനസ്സിലാക്കി അതിനനുയോജ്യമായ നിർമ്മാണ രൂപകല്പന ചെയ്യുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പ്രത്യേകമായ പാടവം വകുപ്പ് വികസിപ്പിച്ചെടുക്കേണ്ടതുണ്ട് എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വകുപ്പ് മത്സ്യബന്ധനം, തുറമുഖം, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി തികഞ്ഞ ഏകോപനത്തോടെ പ്രവർത്തിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഓഡിറ്റ് ഖണ്ഡികകളിന്മേൽ സമിതി ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
*2019 നവംബർ 12.*

1384/2019.

## അനുബന്ധം-I

# പ്രധാനപ്പെട്ട നിഗമനങ്ങൾ ശിപാർശകളും

| ക്രമ നം. | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ / ശിപാർശകൾ |
|---|---|---|---|
| 1. | തുറമുഖ എഞ്ചിനീയറിംഗ് | 6 | മത്സ്യബന്ധനതുറമുഖ വകുപ്പിന്റെ വിവിധ നിർമ്മാണ, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വിദഗ്ധ സേവനം നൽകുവാൻ പ്രാപ്തരായ നൂതന സാങ്കേതിക വിദ്യയിൽ പരിജ്ഞാനവും വൈദഗ്ധ്യവുമുള്ള ജീവനക്കാരെ ഉൾക്കൊള്ളിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനുമായി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് പുനഃസംഘടിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി, അതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി ഗവൺമെന്റ് മുൻപാകെ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 2. | തുറമുഖ എഞ്ചിനീയറിംഗ് | 7 | തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ ഗവേഷണ ചെലവുകൾക്കായി പ്രത്യേകമായി ശീർഷകമോ തുകയോ വകയിരുത്തിയിട്ടില്ലാത്തത് തികച്ചും ഖേദകരമാണ്. സാങ്കേതിക പരിജ്ഞാനം അനിവാര്യമായ മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പെന്ന നിലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അന്വേഷണ ഗവേഷണങ്ങൾക്കുള്ള ചെലവിനായി തുക വകയിരുത്തുന്നതിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. |
| 3. | തുറമുഖ എഞ്ചിനീയറിംഗ് | 8 | തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ അന്വേഷണ ഗവേഷണങ്ങൾക്ക് പ്രത്യേക ഹെഡ് ഓഫ് |

| | | | |
|---|---|---|---|
| | | | അക്കൗണ്ട് ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഉറമുഖ എഞ്ചിനീയറിംഗ് വകുപ്പിലെ അക്കൗണ്ട്സ് കീപ്പിംഗ് ഒട്ടും ശാസ്ത്രീയമല്ലെന്നും ആയത് പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4. | ഉറമുഖ എഞ്ചിനീയറിംഗ് | 13 | തീരദേശ എഞ്ചിനീയറിംഗ് മേഖലയിലെ കൺസൾട്ടന്റായി കേന്ദ്രസർക്കാർ എച്ച്.ഇ.ഡി.യെ നിയമിച്ചിട്ടുണ്ടെങ്കിലും ടി വകുപ്പ് നടത്തുന്ന കൺസൾട്ടൻസി പഠനങ്ങളും പാരിസ്ഥിതിക പഠനങ്ങളും നിലവാരമില്ലാത്തതിനാൽ തള്ളിക്കളയുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇന്ത്യയിൽ തന്നെ ഈ മേഖലയിൽ അന്താരാഷ്ട്ര നിലവാരമുള്ള (റേറ്റിംഗ് ഉള്ള) ഏജൻസികൾ വളരെയേറെയുള്ളതിനാൽ ഇത്തരത്തിൽ തീർത്തും കാര്യശേഷിയില്ലാതെയും ക്ഷമതയില്ലാതെയും ഒരു സർക്കാർ സംവിധാനം പ്രവർത്തിക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം പ്രസ്തുത സ്ഥാപനം തികച്ചും ഒരു വെള്ളാനയായി തീരുമോയെന്നും സമിതി ആശങ്ക പ്രകടിപ്പിക്കുന്നു. ആയതിനാൽ കൂടുതൽ മെച്ചപ്പെട്ടതും കാര്യക്ഷമവും, സാങ്കേതിക മികവോടു കൂടിയ സേവനം കാഴ്ചവയ്ക്കുന്നതിന് പര്യാപ്തമാകുന്ന വിധത്തിൽ അടിയന്തരമായി എച്ച്.ഇ.ഡി.-യെ ശാസ്ത്രീയമായി പുന:സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5. | ഉറമുഖ എഞ്ചിനീയറിംഗ് | 17. | എച്ച്.ഇ.ഡി. ഏറ്റെടുത്ത കൺസൾട്ടൻസി പഠനങ്ങൾ ടി വകുപ്പിൽ ആർ&ഡി വിംഗ് ഇല്ലാത്തതിനാൽ ബാഹ്യ ഏജൻസികളെക്കൊണ്ട് ചെയ്യിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഭരണാനുമതി കിട്ടിയശേഷം മാത്രം പ്രോജക്ടുകൾ ഡിസൈൻ ചെയ്യുന്നതിനാൽ പ്രോജക്ട് കാലയളവ് ദീർഘിക്കുന്നതിനും ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്ത് പ്രവർത്തികൾ ആരംഭിച്ചത് കാരണം |

| | | | |
|---|---|---|---|
| | | | ചെലവ് അനിയന്ത്രിതമായി വർദ്ധിക്കുന്നതിനും ഇടയാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഭരണാനുമതിയ്ക്കായി സമർപ്പിക്കുമ്പോൾ ആയതിന് എസ്റ്റിമേറ്റിനൊപ്പം, മറ്റ് പ്രാരംഭ പഠനങ്ങൾ, ഡിസൈനിംഗ്, ആസൂത്രണം എന്നീ മേഖലകളിൽ നടത്തിയ പഠന റിപ്പോർട്ട് അനിവാര്യമാണെന്ന് വകുപ്പ് നിഷ്കർഷിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6. | തുറമുഖ എഞ്ചിനീയറിംഗ് | 26 | സേവന രംഗത്തെ വൈദഗ്ധ്യത്തിന്റെ അഭാവം, പ്രാരംഭ പഠനങ്ങളുടെയും വിലയിരുത്തലിലേയും പോരായ്മ, അന്വേഷണ ഗവേഷണ രംഗത്തെ അപര്യാപ്തത എന്നിവ തലായി, പൊന്നാനി, മുതലപ്പൊഴി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടി. എച്ച്.ഇ.ഡി. ഇതുവരെ എത്ര ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കി, ഏതൊക്കെ ഇപ്പോൾ പ്രവർത്തനക്ഷമമാണ്; നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവായ തുക എന്നീ വിവരങ്ങൾ അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7. | തുറമുഖ എഞ്ചിനീയറിംഗ് | 27 | തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിലെ എഞ്ചിനീയർമാർക്ക് നൂതന സാങ്കേതികവിദ്യയുന്മുഖമായ പരിശീലനം രണ്ടു വർഷം കൂടുമ്പോൾ സംഘടിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 8. | തുറമുഖ എഞ്ചിനീയറിംഗ് | 30 | ചാത്തനാട്- ചേറായി കൃഷി ഫാമിന്റെ പുറം ബണ്ട് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 9. | തുറമുഖ എഞ്ചിനീയറിംഗ് | 31 | മരാമത്ത് പണിയുടെ നടത്തിപ്പിലും, ആസൂത്രണത്തിലുമുള്ള പാളിച്ചകൾ മൂലം തീർപ്പാകാതെ പോകുന്ന മരാമത്ത് പണികളുടെ ലിസ്റ്റ് വർഷം തോറും വർദ്ധിക്കുന്നുണ്ടെന്ന് വിലയിരുത്തിയ സമിതി, തീർപ്പാക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് വകുപ്പിനോട് ശിപാർശ ചെയ്യുന്നു. |
| 10. | തുറമുഖ എഞ്ചിനീയറിംഗ് | 36 | അറുപത് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പതിയാങ്കര ഫിഷ്‌ലാന്റിംഗ് സെന്ററും, കോൾഡ് സ്റ്റോറേജും നാളിതുവരെ പ്രവർത്തനക്ഷമ മാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ഫിഷ്‌ലാന്റിംഗ് സെന്ററും, കോൾഡ് സ്റ്റോറേജും സംയോജിത വിപണനത്തിന്റെ ഭാഗമായി മത്സ്യഫെഡ് വഴി പ്രവർത്തന സജ്ജമാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് വിവരം സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11. | തുറമുഖ എഞ്ചിനീയറിംഗ് | 43 | അന്ധകാരനാഴി പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അന്ധകാരനാഴി പാലം നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12. | തുറമുഖ എഞ്ചിനീയറിംഗ് | 46 | മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13. | തുറമുഖ എഞ്ചിനീയറിംഗ് | 53 | തലായി ഫിഷിംഗ് ഹാർബറിൽ വാർഫും, ലേലപ്പുരയും നിർമ്മിക്കുന്നതിനായി ഉപയോഗിച്ച ഫ്ലോട്ടിംഗ് പ്ലാറ്റ് ഫോമിന്റെ വാടക തെറ്റായി |

| | | | |
|---|---|---|---|
| | | | കണക്കാക്കിയതുമൂലം കരാറുകാരന് അനർഹമായി 60 ലക്ഷം രൂപ നൽകേണ്ടി വന്നതിന് ഉത്തരവാദികളായവർക്കെതിരെ സത്വര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയിൽ ലഭ്യമാക്കണമെന്നും വകുപ്പിനോട് ശിപാർശ ചെയ്യുന്നു. |
| 14. | തുറമുഖ എഞ്ചിനീയറിംഗ് | 56 | തുറമുഖങ്ങളിൽ അടിയുന്ന മണൽ യഥാസമയം നീക്കം ചെയ്യാത്തത് റവന്യൂ നഷ്ടത്തിനും, മത്സ്യബന്ധന തുറമുഖങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും തടസ്സമുണ്ടാക്കുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളിലും കൃത്യമായി ഡ്രെഡ്ജിംഗ് നടത്തി മണൽ നീക്കം ചെയ്യണമെന്നും, ഡ്രെഡ്ജിംഗിനായി കൃത്യമായ ഒരു മാർഗ്ഗരേഖയുണ്ടാക്കണമെന്നും വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 15. | തുറമുഖ എഞ്ചിനീയറിംഗ് | 57 | ഫിഷിംഗ് ഹാർബറുകളിൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ ലഭിക്കുന്ന മണലിന്റെ പുനരുപയോഗം സംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 16. | തുറമുഖ എഞ്ചിനീയറിംഗ് | 59 | വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലാണ് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ഏറെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. പ്രസ്തുത മേഖലയിലെ ആവശ്യം മനസ്സിലാക്കി അതിനനുയോജ്യമായ നിർമ്മാണ രൂപകല്പന ചെയ്യുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പ്രത്യേകമായ പാടവം വകുപ്പ് വികസിപ്പിച്ചെടുക്കേണ്ടതുണ്ട് എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വകുപ്പ് മത്സ്യബന്ധനം, തുറമുഖം, വിനോദസഞ്ചാരം എന്നി വകുപ്പുകളുമായി തികഞ്ഞ ഏകോപനത്തോടെ പ്രവർത്തിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 17. | ഇറിഗേഷൻ എഞ്ചിനീയറിംഗ് | 60 | ഓഡിറ്റ് ഖണ്ഡികകളിന്മേൽ സമിതി ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

**GOVERNMENT OF KERALA**
**FISHERIES & PORTS (C) DEPARTMENT**
**Statement of action taken on the Report No. 4 of the Comptroller & Auditor General of India for the year ended 31st march 2014**

| Sl. No | Para No | Department concerned | Conclusions/ Recommendations | Action Taken |
|---|---|---|---|---|
| 1 | 3.1 | Fisheries & Ports (C) Department | Introduction | Harbour Engineering Wing of the Department of Ports was declared as an independent department as the service department in the year 1982 for Department of Ports and Fisheries Department. Later, GOI have empanelled Harbour Engineering Department as technical consultant in Marine Engineering field. Subsequently Tourism Department also declared Harbour Engineering Department (HED) as their service Department in coastal area.<br><br>The major activities of the HED include the investigation works for Ports and Fishing Harbours, preparation of DPR for Technical Sanction, issuance of Technical Sanction, arrangement of works through tenders, awarding works, execution, measurement, billing and payment of works which are proposed / suggested by the Department of Ports, Fisheries Department and Tourism Department.<br><br>Considering the expertise in the marine sector, the Tourism Department has declared Harbour Engineering Department as their Service Department for execution of works in coastal district. |
| 2 | 3.2 | Fisheries & Ports (C) Department | Organization | Harbour Engineering Department is comprised of Chief Engineer's office headed by Chief Engineer, One Deputy Chief Engineer at the office of the Chief Engineer, 3 circles headed by |

| | | | | |
|---|---|---|---|---|
